وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11 ലക്കം 23

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam


വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 ജൂൺ 04 • ഹി.ശം 1405 ഇഹ്സാൻ 04 • ഹി. ഖ. 1447 ദുൽഹജ്ജഃ 17



വിശുദ്ധ ഖുർആനിൽ നിന്ന്:

## ദൈവസ്മരണയും മനഃശാന്തിയും

اَلَّذِیۡنَ اٰمَنُوۡا وَتَطۡمَئِنُّ قُلُوۡبُہُمۡ بِذِکۡرِ اللّٰہِ ؕ اَلَا بِذِکۡرِ اللّٰہِ تَطۡمَئِنُّ الۡقُلُوۡبُ ○ ﴿سُوۡرَۃُ الرَّعۡدِ:29﴾

(അവരത്രെ) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ടുമാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ.



ഹദീസ്:

## ജീവനുള്ള വീടുകൾ

ഹദ്റത്ത് അബൂമൂസാ അശ്അരി(റ) വിവരിക്കുന്നു; തിരുനബി(സ) പറഞ്ഞു: 'അല്ലാഹുവിനെ സ്മരിക്കുന്നവന്റെയും അല്ലാഹുവിനെ സ്മരിക്കാത്തവന്റെയും ഉപമ ജീവനുള്ളവനെയും മരിച്ചവനെയും പോലെയാകുന്നു. അതായത്, ആരാണോ അല്ലാഹുവെ സ്മരിക്കുന്നത് അവൻ ജീവനുള്ളവനാകുന്നു, ആരാണോ സ്മരിക്കാത്തത് അവൻ മരിച്ചവനുമാകുന്നു.

മുസ്‌ലിമിന്റെ രിവായത്തിൽ പറയുന്നു; തിരുനബി(സ) പറഞ്ഞു: അല്ലാഹുവിന്റെ സ്മരണ ഉണ്ടാകുന്ന വീടുകളുടെയും അല്ലാഹുവിന്റെ സ്മരണയില്ലാത്ത വീടുകളുടെയും ഉപമ ജീവനുള്ളതിനെയും മരിച്ചതിനെയും പോലെയാകുന്നു.'

*(ബുഖാരി, കിതാബുദ്ദഅ്വാത്, ബാബു ഫദ്‌ലി ദിക്‌മില്ലാഹി തആലാ; മുസ്‌ലിം, കിതാബുസ്സ്വലാത്, ബാബു ഇസ്തിഹ്ബാബി സ്വലാത്തുന്നാഫിലതി ഫീ ബൈതിഹീ വജവാദിഹാ ഫിൽ മസ്ജിദ്)*

ഹദ്റത്ത് ജാബിർ(റ) വിവരിക്കുന്നു; ഒരിക്കൽ തിരുനബി(സ) ഞങ്ങളുടെ അടുക്കൽ വന്ന് പറഞ്ഞു: 'ജനങ്ങളേ! സ്വർഗ്ഗത്തോപ്പുകളിൽ മേയാൻ (അവിടുത്തെ വിഭവങ്ങൾ ആസ്വദിക്കാൻ) നിങ്ങൾ ശ്രമിക്കുവിൻ.' ഞങ്ങൾ പറഞ്ഞു: 'യാ റസൂലല്ലാഹ്! സ്വർഗ്ഗത്തോപ്പുകൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?' നബി(സ) പറഞ്ഞു: 'ദിക്റിന്റെ മജ്‌ലിസുകൾ (അല്ലാഹുവിനെ സ്മരിക്കുന്ന സദസ്സുകൾ) സ്വർഗ്ഗത്തോപ്പുകളാകുന്നു.' നബി(സ) പറയുകയുന്നു: 'പ്രത്യേകിച്ചും രാവിലെയും വൈകുന്നേരവും അല്ലാഹുവിനെ സ്മരിക്കുവിൻ. അല്ലാഹുവിന്റെ അടുക്കൽ തനിക്കുള്ള പദവിയും സ്ഥാനവും എത്രത്തോളമുണ്ടെന്ന് അറിയാൻ ആഗ്രഹിക്കുന്നവൻ അല്ലാഹുവിനെക്കുറിച്ച് തന്റെ മനസ്സിലുള്ള സങ്കൽപം എന്താണെന്ന് നോക്കിക്കൊള്ളട്ടെ. കാരണം, തന്റെ ദാസന്റെ ഹൃദയത്തിൽ അല്ലാഹുവിന് എത്രത്തോളം സ്ഥാനമുണ്ടോ, അത്രത്തോളം തന്നെയാണ് അല്ലാഹു തന്റെ ദാസനെയും വിലമതിക്കുന്നത്.' *(ഖുശൈരിയ്യ:, ബാബുദ്ദിക്ർ, പേജ് 111) (അവ: ഹദീഖത്തുസ്സ്വാലിഹീൻ, ഹദീസ് നമ്പർ: 7576 )*



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:


## യഥാർഥ മനസ്സമാധാനം ദൈവ സ്മരണയിൽ!

തിരുനബി(സ)ക്ക് നേരിയൊരു സങ്കടം നേരിട്ടാൽ പോലും നമസ്കാരത്തിനായി നിൽക്കുമായിരുന്നു. അതുകൊണ്ടാണ് : أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ (അറിയുക, അല്ലാഹുവിന്റെ ദിക്ർ മുഖേനയാണ് ഹൃദയങ്ങൾക്ക് സമാധാനം ലഭിക്കുന്നത്) എന്ന് പറയുന്നത്. ഹൃദയസമാധാനത്തിനും ശാന്തിക്കും നമസ്കാരത്തേക്കാൾ മികച്ച മറ്റൊരു മാർഗ്ഗവുമില്ല.*(അൽ ഹകം, ഭാഗം: 7, പേജ് 20, തിയതി 31 മെയ് 1903 പേജ് 9)*

അല്ലാഹുവിന്റെ ദിക്ർ ഹൃദയങ്ങൾക്ക് സമാധാനം നൽകുന്ന ഒന്നാണെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാകുന്നു. പറയുന്നു: أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ അതിനാൽ സാധ്യമാകുന്നിടത്തോളം അല്ലാഹുവിന്റെ ദിക്ർ ചെയ്തുകൊണ്ടിരിക്കണം, അതിലൂടെയാണ് സമാധാനം ലഭിക്കുക. എന്നാൽ ഇതിനായി ക്ഷമയും കഠിനാധ്വാനവും ആവശ്യമാണ്. പരിഭ്രാന്തനാകുകയും തളർന്നുപോകുകയും ചെയ്താൽ ഈ സമാധാനം ലഭിക്കുകയില്ല. *(അൽ ഹകം, ഭാഗം: 9, നമ്പർ 26, തിയതി 10 ജൂലൈ 1905 പേജ് 8)*

ശേഷം പേജ് 10 ൽ

തഫ്സീർ കബീറിൽ നിന്ന്:
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## നിങ്ങൾ ദൈവിക ഗുണങ്ങളുടെ ദർപ്പണമാകുവിൻ!

(അല്ലാഹു) പറയുന്നു: അല്ലാഹു നിർദ്ദേശിച്ച രീതി അനുസരിച്ച് നിങ്ങൾ ബൈത്തുല്ലാഹ് ലെ ഹജ്ജ് കർമ്മം നിർവ്വഹിച്ചു കഴിഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പിതാമഹന്മാരെ സ്മരിക്കുന്നതുപോലെ അല്ലാഹുവിനെ സ്മരിക്കുക. അറബികൾ, ഹജ്ജ് കർമ്മങ്ങളിൽ നിന്ന് വിരമിച്ചാൽ മിനയിൽ മൂന്നുദിവസം സദസ്സുകൾ സംഘടിപ്പിച്ച് തങ്ങളുടെ പിതാമഹന്മാരുടെ വീരകൃത്യങ്ങൾ വിവരിക്കുകയും തങ്ങളുടെ ഗോത്രത്തിന്റെ ധീരതയും പ്രശസ്തിയും ഔദാര്യവും വാഴ്ത്തിക്കൊണ്ട് കാവ്യങ്ങൾ ആലപിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു.

അല്ലാഹു പറയുന്നു, അവർ തങ്ങളുടെ പിതാമഹന്മാരെ പ്രകീർത്തിച്ചുകൊണ്ട് കാവ്യങ്ങൾ ആലപിച്ചിരുന്നു. എന്നാൽ നാം നിങ്ങൾക്ക് നൽകുന്ന നിർദ്ദേശം, നിങ്ങൾ ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിച്ചു കഴിഞ്ഞാൽ, നിങ്ങളുടെ പിതാമഹന്മാരെ സ്മരിക്കുന്നതുപോലെ അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. അതായത്, തന്റെ മാതാവിൽ നിന്ന് അകറ്റപ്പെടുന്ന ഒരു കൊച്ചുകുട്ടി കരഞ്ഞുകൊണ്ടും വിലപിച്ചുകൊണ്ടും തനിക്ക് തന്റെ ഉമ്മയുടെ അടുത്തേക്ക് പോകണം എന്ന് പറയുന്നതുപോലെ, നിങ്ങളും വീണ്ടും വീണ്ടും അല്ലാഹുവിന്റെ ദിക്ർ ചെയ്യുക, അങ്ങനെ അവന്റെ സ്നേഹം നിങ്ങളുടെ സിരകളിലും നാഡികളിലും അലിഞ്ഞുചേരട്ടെ.

അല്ലാഹു അതീന്ദ്രിയമായ അസ്തിത്വമാകുന്നു. അവന്റെ സൗന്ദര്യം നേരിട്ട് മനുഷ്യന്റെ മുന്നിൽ വെളിപ്പെടുന്നില്ല, മറിച്ച് പല മാധ്യമങ്ങളിലൂടെയുമാണ് വരുന്നത്. അവന്റെ സൗന്ദര്യത്തെ വാക്കുകളിൽ വിവരിക്കുകയും, അതിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും ഓർക്കുകയും ചെയ്താൽ, പതുക്കെപ്പതുക്കെ ആശയപരമായി അതിന്റെ രൂപം നമ്മുടെ മുന്നിൽ തെളിഞ്ഞുവരും.

നിങ്ങൾ ' മാലിക് ' (നാഥൻ) എന്ന നാമം ഉച്ചരിക്കുകയും അവന്റെ ഉടമസ്ഥാവകാശത്തെ മനസ്സിൽ കരുതുകയും ചെയ്യുക. ' ഖുദ്ദൂസ് ' (പരിശുദ്ധൻ) എന്ന നാമം ഉച്ചരിക്കുകയും അവന്റെ പരിശുദ്ധിയെ മനസ്സിൽ കൊണ്ടുവരികയും ചെയ്യുക. 'സത്താർ' (ന്യൂനതകൾ മറയ്ക്കുന്നവൻ) എന്ന നാമം ഉച്ചരിക്കുകയും അവൻ ന്യൂനതകൾ മറയ്ക്കുന്നവനാണെന്ന കാര്യം മനസ്സിൽ ചിന്തിക്കുകയും ചെയ്യുക. 'ഗഫൂർ' (പൊറുക്കുന്നവൻ) എന്ന നാമം ഉച്ചരിക്കുകയും അവന്റെ പാപമോചനത്തെ മനസ്സിൽ കൊണ്ടുവരികയും ചെയ്യുക. അങ്ങനെ ചെയ്താൽ, ക്രമേണ അല്ലാഹുവിന്റെ പൂർണ്ണമായൊരു ചിത്രം നിങ്ങളുടെ മുന്നിൽ തെളിഞ്ഞുവരുമെന്നത് തീർച്ചയാണ്. സ്നേഹത്തിന് ഇത് അനിവാര്യമാണ്; ഒന്നുകിൽ ഒരാളുടെ അസ്തിത്വം മുന്നിലുണ്ടായിരിക്കണം, അല്ലെങ്കിൽ അവരുടെ ചിത്രം മുന്നിലുണ്ടായിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു കവിതയിൽ ഈ യാഥാർത്ഥ്യം വ്യക്തമാക്കിക്കൊണ്ട് പറയുന്നു

ശേഷം പേജ് 10 ൽ

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# ദു:ആയും ദിക്റും : ഇസ്‌ലാമിക നവോത്ഥാനത്തിനുള്ള വലിയ ആയുധങ്ങൾ

വാഗ്ദത്ത് മഹ്ദീ മസീഹ് മുഖേനയുള്ള ഇസ്ലാമിന്റെ വിജയം വിശുദ്ധ ഖുർആനിലെ വ്യക്തമായ തെളിവുകളിലൂടെയും പ്രാർത്ഥനകളിലൂടെയും അല്ലാഹുവിന്റെ ദിക്റിലൂടെയും ആയിരിക്കുമെന്ന് തിരുനബി(സ) പ്രവചിച്ചതാണ്. ഇതിനുവേണ്ടിത്തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജീവിതത്തിലുടനീളം ഊന്നൽ നൽകിയത്. പ്രാർത്ഥനകളെയും ദിക്റിനെയും കുറിച്ച് സമാനതകളില്ലാത്ത ഒരു ആത്മീയ വിജ്ഞാനമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ശേഷം ഖലീഫമാർ കാലാകാലങ്ങളിൽ പ്രാർത്ഥനകൾക്കും ദിക്റിനുമായി ആഗോളതലത്തിൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചു, ഇതിലൂടെ ലോകമെമ്പാടുമുള്ള ജമാഅത്തുകൾ ഈ പ്രോഗ്രാമുകളിൽ ആഗോളതലത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു. പ്രാർത്ഥനകളുടെയും അല്ലാഹുവിന്റെ ദിക്റിന്റെയും ഫലമായി കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ടിലധികമായി ജമാഅത്തിന് എണ്ണമറ്റ അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇതേപ്പറ്റി 1916ൽ ഒരു സമഗ്രമായ പ്രഭാഷണം നടത്തിയിട്ടുണ്ട്, അതിലൂടെ ദിക്റിന്റെയും പ്രാർത്ഥനയുടെയും പ്രാധാന്യം വ്യക്തമാകുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു സത്യവിശ്വാസികളുടെ ഈ സവിശേഷതയെപ്പറ്റി പറയുന്നു:

ആകാശങ്ങളുടെയും ഭൂമിയുടെയും മഹത്തായ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിച്ചുകൊണ്ട് അവർ നിന്നും ഇരുന്നും കിടന്നും അല്ലാഹുവിന്റെ ദിക്ർ ചെയ്യുന്നു. (ആലു ഇംറാൻ 192)

അവരിൽ നിന്ന് എന്തെങ്കിലും പാപം സംഭവിച്ചുപോയാൽ അവർ ധാരാളമായി അല്ലാഹുവിന്റെ ദിക്ർ ചെയ്യുന്നു.

അവർ വല്ല നീചവൃത്തിയും ചെയ്യുകയോ തങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നു. (ആലു ഇമ്രാൻ 137)

അല്ലാഹുവിന്റെ സദ്‌വൃത്തരായ ദാസന്മാർ, അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹങ്ങൾ കണ്ടുകൊണ്ട് ധാരാളമായി അല്ലാഹുവിന്റെ ദിക്ർ ചെയ്യുന്നു. (അൽ ബഖറ 232)

അല്ലാഹുവിന്റെ ദാസന്മാർ അല്ലാഹുവിന്റെ ദിക്ർ ചെയ്യുകയും അവനെ ഓർക്കുകയും ചെയ്താൽ, അല്ലാഹുവും അവരെ ഓർക്കും. പറയുന്നു: നിങ്ങൾ എന്നെ സ്മരിക്കുക, നിങ്ങളുടെ ബുദ്ധിമുട്ടുകളുടെയും പരീക്ഷണങ്ങളുടെയും സമയത്ത് ഞാൻ നിങ്ങളെ സ്മരിക്കും.

അല്ലാഹു തന്റെ സദ്‌വൃത്തരായ ദാസന്മാരെക്കുറിച്ച് പറയുന്നു: ഭയഭക്തിയുള്ളവർക്ക് പിശാചിൽ നിന്നും വല്ല ദുർവിചാരവും ബാധിച്ചാൽ അവർ ധാരാളമായി ദിക്ർ ചെയ്യുന്നു.' (അൽ അഅ്റാഫ്: 202)

അല്ലാഹുവിന്റെ ദിക്ർ ചെയ്യാത്തവരെയും അശ്രദ്ധ കാണിക്കുന്നവരെയും കുറിച്ച് പറയുന്നു: അല്ലാഹുവിന്റെ ദിക്ർ ചെയ്യാതെ ഹൃദയങ്ങൾ കടുത്തുപോയവർക്കാണ് നാശം. (അസ് സുമർ: 23)

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാം നൽകിക്കൊണ്ട് പറയുന്നു: 'എന്റെ ദിക്റിൽ നിന്ന് ആരെങ്കിലും പിന്തിരിഞ്ഞാൽ അവനെ നാം മതമില്ലാത്തവരും ധിക്കാരികളുമായ മക്കളിലൂടെ പരീക്ഷണത്തിലാക്കും. അവന്റെ ചായ്‌വ് ഭൗതികലോകത്തോട് മാത്രമായിരിക്കും, അവൻ അല്ലാഹുവിന്റെ ആരാധനയിൽ നിന്ന് അശ്രദ്ധനുമായിരിക്കും.' (തദ്കിറ പേജ് 382)

തിരുനബി(സ) അല്ലാഹുവിന്റെ ദിക്റിനെ സ്വർഗ്ഗത്തിലെ പൂന്തോട്ടങ്ങളോടാണ് ഉപമിച്ചിരിക്കുന്നത്.

മറ്റൊരിടത്ത് പറയുന്നു: അല്ലാഹുവിന്റെ ദിക്ർ ചെയ്യുന്നവരുടെയും ചെയ്യാത്തവരുടെയും ഉപമ ജീവനുള്ളവന്റെയും മരിച്ചവന്റെയും പോലെയാണ്. അല്ലാഹുവിന്റെ ദിക്ർ നടക്കുന്ന വീടുകൾ സമൃദ്ധമായിരിക്കും, എന്നാൽ ദിക്റില്ലാത്ത വീടുകളിൽ ശൂന്യത ആധിപത്യം സ്ഥാപിക്കുന്നു. അതുകൊണ്ടാണ് പള്ളികൾക്ക് പുറമെ വീടുകളിലും നമസ്കാരം നിർവ്വഹിക്കാൻ തിരുനബി(സ) നിർദ്ദേശിച്ചിട്ടുള്ളത്.

അൽഹംദുലില്ലാഹ്, കാലത്തിന്റെ ഖലീഫമാർ തുടക്കം മുതൽ തന്നെ അഹ്മദികളുടെ ശ്രദ്ധ അല്ലാഹുവിന്റെ ദിക്റിലേക്ക് ക്ഷണിച്ചിട്ടുണ്ട്. മാത്രമല്ല, അല്ലാഹുവിന്റെ ദിക്റിനായുള്ള സമഗ്രമായ പ്രോഗ്രാമുകൾ ജമാഅത്തിന് മുന്നിൽ വെച്ചിട്ടുമുണ്ട്. അഹ്മദിയ്യാ ചരിത്രം ഇതിന് സാക്ഷിയാണ്; ഈ പ്രോഗ്രാമുകളിലൂടെ ജമാഅത്ത് തിന്മകളിൽ നിന്ന് അകന്നുനിൽക്കുകയും നന്മകളും സമൃദ്ധിയും കരസ്ഥമാക്കുകയും ചെയ്യുന്നു. എതിർപ്പുകളുടെ പർവ്വതങ്ങൾ ഈ പ്രാർത്ഥനകളിലൂടെ തകർന്നുതരിപ്പണമാകുകയും ജമാഅത്തിന് ആഗോളതലത്തിൽ പുരോഗതികൾ ലഭിക്കുകയും ചെയ്തു.

യഥാർത്ഥ ദിക്ർ നമസ്കാരമാണ്. അല്ലാഹു പറയുന്നു: **അഖിമിസ്സ്വലാത്ത ലിദിക്രീ** (എന്നെ സ്മരിക്കുന്നതിനായി നമസ്കാരം നിലനിർത്തുക) (ത്വാഹാ: 15). വിശുദ്ധ ഖുർആനെയും അല്ലാഹു ദിക്ർ എന്ന് തന്നെയാണ് പറഞ്ഞിരിക്കുന്നത്. **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ** (നിശ്ചയമായും നാമാണ് ഈ ദിക്ർ അവതരിപ്പിച്ചത്, നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും) (അൽ ഹിജ്ർ: 10).

വിശുദ്ധ ഖുർആൻ പഠിക്കുമ്പോൾ മനസ്സിലാകുന്നത്, അല്ലാഹുവിന്റെ സദ്‌വൃത്തരായ ദാസന്മാർ നിന്നും ഇരുന്നും ഉറങ്ങുമ്പോഴും ഉണരുമ്പോഴും എന്ത് ജോലി ചെയ്യുമ്പോഴും അല്ലാഹുവിന്റെ ദിക്ർ ചെയ്തുകൊണ്ടിരിക്കും എന്നാണ്.

തിരുനബി(സ) പറയുന്നു: **അഫ്ദലുദ്ദിക്‌രി ലാ ഇലാഹ ഇല്ലല്ലാഹ്** (ഏറ്റവും ശ്രേഷ്ഠമായ ദിക്ർ ലാ ഇലാഹ ഇല്ലല്ലാഹ് എന്നതാകുന്നു). തസ്ബീഹിനെയും തഹ്മീദിനെയും കുറിച്ച് പറയുന്നു: ഈ രണ്ട് വചനങ്ങളും ഉച്ചരിക്കാൻ വളരെ എളുപ്പമുള്ളതും ലഘുവായതുമാണെങ്കിലും അല്ലാഹുവിന്റെ ത്രാസിൽ വളരെ ഭാരമുള്ളതും അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടതുമാകുന്നു. അതായത **സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം.**

അതുപോലെ സ്വലാത്തിനെ കുറിച്ച് പറയുന്നു: ഇത് പ്രാർത്ഥനകളുടെയും ദിക്റിന്റെയും സ്വീകാര്യതയ്ക്കുള്ള മാർഗ്ഗമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദിക്റെ ഇലാഹി എന്ന പ്രഭാഷണത്തിൽ ദൈവസ്മരണയുടെ പ്രയോജനങ്ങളെക്കുറിച്ച് പറയുന്നു.

1. ദിക്ർ ചെയ്യുന്നതിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ നേട്ടം അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്നു എന്നതാണ്.
2. ഹൃദയത്തിന് സമാധാനം ലഭിക്കുന്നു.
3. അല്ലാഹു തന്റെ ദാസനെ സുഹൃത്താക്കുന്നു.
4. ദിക്ർ ചെയ്യുന്ന വ്യക്തി തിന്മകളിൽ നിന്ന് അകന്നുനിൽക്കുന്നു.
5. ഹൃദയം (മനസ്സ്) കരുത്തുറ്റതായി മാറുന്നു.
6. ദിക്ർ ചെയ്യുന്ന വ്യക്തി എല്ലാ ലക്ഷ്യങ്ങളിലും വിജയിക്കുന്നു. (പക്ഷെ അവൻ സത്യസന്ധമായ മനസ്സോടെ ദിക്ർ ചെയ്യുന്നവനായിരിക്കണം.)
7. അല്ലാഹുവിന്റെ ദിക്ർ ചെയ്യുന്നവന് അന്ത്യനാളിൽ അല്ലാഹുവിന്റെ തണലുണ്ടായിരിക്കും.
8. പ്രാർത്ഥന സ്വീകരിക്കപ്പെടുന്നു.
9. പാപങ്ങൾ പൊറുക്കപ്പെടുന്നു.
10. ബുദ്ധിശക്തി വർദ്ധിക്കുകയും വിജ്ഞാനത്തിന്റെയും സൂക്ഷ്മജ്ഞാനത്തിന്റെയും വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുന്നു.
11. തഖ്‌വ (ഭയഭക്തി) ഉണ്ടാകുന്നു.
12. അല്ലാഹുവിനോടുള്ള സ്നേഹം വർദ്ധിക്കുന്നു.

അദ്ദേഹം തുടർന്നു പറയുന്നു: ഇതാണ് ഞാൻ ചുരുക്കത്തിൽ വിവരിച്ച അല്ലാഹുവിന്റെ ദിക്ർ ചെയ്യുന്നതു കൊണ്ടുള്ള നേട്ടങ്ങൾ. നിങ്ങൾക്കും എനിക്കും ഇതിൽ നിന്ന് പ്രയോജനം നേടാൻ അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. (ആമീൻ).

*(അവലംബം: അൻവാറുൽ ഉലൂം, ഭാഗം: 3, സംഗ്രഹം പേജ് 534...538)*

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് നമ്മൾ അഹ്മദികൾ താഴെ പറയുന്ന പ്രാർത്ഥനകൾ നിരന്തരം ചൊല്ലാൻ ഉപദേശിച്ചിരിക്കുന്നു. ജമാഅത്ത് അംഗങ്ങളുടെ ഓർമ്മ പുതുക്കുന്നതിനായി അവ താഴെ ചേർക്കുന്നു.

### ജമാഅത്ത് അംഗങ്ങളുടെ സത്വര ശ്രദ്ധക്ക്! ഒരു ഓർമ്മ പുതുക്കൽ!

ആത്മീയമായ ഇരുമ്പുകോട്ടയിൽ സുരക്ഷിതരാക്കുന്നതിനായി നമ്മുടെ പ്രിയപ്പെട്ട ഇമാം, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്)ന്റെ നിർദ്ദേശിച്ച താഴെ ചേർക്കുന്ന പ്രാർത്ഥനകൾ നിങ്ങൾ ഇന്ന് ചൊല്ലിയിരുന്നോ?

ശേഷം പേജ് 8 ൽ

# ഖുത്ബ ജുമുഅ

**2026 ഏപ്രിൽ 17, 1405 ശഹാദത്ത് 17**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

# തിരുനബി (സ)യുടെ സത്യസന്ധതയും വിശ്വസ്തതയും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

قُلْ لَّوْ شَآءَ اللّٰهُ مَا تَلَوْتُهٗ عَلَيْكُمْ وَلَآ اَدْرٰىكُمْ بِهٖ فَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ اَفَلَا تَعْقِلُوْنَ ـ فَمَنْ اَظْلَمُ مِمَّنِ افْتَرٰى عَلَى اللّٰهِ كَذِبًا اَوْ كَذَّبَ بِاٰيٰتِهٖ اِنَّهٗ لَا يُفْلِحُ الْمُجْرِمُوْنَ ـ (یونس:18-17)

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാകുന്നു:

പറയുക, '(ഇതുപോലെയല്ലാത്ത മറ്റൊരു അദ്ധ്യാപനം നൽകണമെന്ന്) അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഇത് (ഖുർആൻ) നിങ്ങൾക്ക് ഞാൻ ഓതിക്കേൾപ്പിക്കുമായിരുന്നില്ല. അവൻ നിങ്ങൾക്കതിനെ സംബന്ധിച്ച് അറിവ് നൽകുകയുമില്ലായിരുന്നു. ഇതിനു മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ?

അപ്പോൾ, അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയോ ചെയ്തവനേക്കാൾ വലിയ അക്രമി മറ്റാരാണുള്ളത്? തീർച്ചയായും കുറ്റവാളികൾ വിജയം വരിക്കുകയില്ല.

**തിരുനബി(സ)യുടെ ജീവചരിത്രത്തിലെ വിവിധ വശങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചുവരുന്നത്. ഇന്ന് തിരുനബി(സ)യുടെ സത്യസന്ധത, നേര്, നീതിനിഷ്ഠ എന്നിവയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. തിരുനബി(സ)യുടെ ജീവിത സംഭവങ്ങളിൽ തിരുനബി(സ)യുടെ സത്യസന്ധതയുടെ ഉദാത്തമായ മാതൃകകൾ കാണാൻ സാധിക്കും; ശത്രുക്കൾക്ക് പോലും തിരുനബി(സ)യുടെ സത്യസന്ധതയുടെയും സദ്ഗുണങ്ങളുടെയും ഉന്നതമായ നിലവാരത്തെ അംഗീകരിക്കാതിരിക്കാൻ കഴിഞ്ഞിരുന്നില്ല.**

തിരുനബി(സ)യുടെ സത്യസന്ധതയുടെ ഈ ഉന്നത നിലവാരത്തെയാണ് ഞാൻ പാരായണം ചെയ്ത വിശുദ്ധ ഖുർആൻ ആയത്തിൽ അല്ലാഹുതആലാ വിവരിച്ചിരിക്കുന്നത്. ഞാൻ ഒരിക്കലും ഒരു സാഹചര്യത്തിലും കള്ളം പറഞ്ഞിട്ടില്ലെന്നും സത്യത്തിന്റെ മാർഗ്ഗം കൈവിട്ടിട്ടില്ലെന്നും അതിന് നിങ്ങൾ സാക്ഷികളാണെന്നും അവരോട് പ്രഖ്യാപിക്കാൻ അല്ലാഹു തിരുനബി(സ)യോട് ആവശ്യപ്പെട്ടു. അങ്ങനെയെങ്കിൽ അല്ലാഹുവിന്റെ പേരിൽ ഞാൻ കള്ളം പറയുമോ; അതായത് അല്ലാഹുവിന്റെ പക്കൽ നിന്നല്ലാത്ത ഒരു ദീനുമായാണ് ഞാൻ വന്നിരിക്കുന്നത് എന്ന് (ഞാൻ പറയുമോ)? ഇത് ഒരിക്കലും സംഭവിക്കുകയില്ല. ഇതിനോടൊപ്പം തന്നെ, തിരുനബി(സ)യെ പിന്തുടരുന്നവരോടും തിരുനബി(സ) ഇപ്രകാരം ഉപദേശിച്ചു: 'ഇപ്പോൾ നിങ്ങൾ എന്നെ അനുസരിക്കുകയും എന്നെ പിന്തുടരാൻ കരാർ ചെയ്യുകയും ചെയ്തിരിക്കുകയാണല്ലോ, അതിനാൽ സത്യസന്ധതയുടെ ഉന്നതമായ നിലവാരം പുലർത്തുക.'

ആകയാൽ, **ഇന്ന് നാം ഓരോരുത്തരും ഈ വിഷയത്തിൽ സ്വന്തം അവസ്ഥയെ വിലയിരുത്തേണ്ടതുണ്ട്; കാരണം സത്യസന്ധതയുടെ ഈ ഉന്നത നിലവാരമാണ് നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും വിജയത്തിന്റെ ഉറപ്പും, നമുക്ക് മുന്നിൽ തബ്‌ലീഗിന്റെ വാതിലുകൾ തുറന്നുതരുന്നതുമായിട്ടുള്ളത്.**

റസൂലുല്ലാഹ്(സ)യുടെ പരിശുദ്ധ ജീവിതത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് എഴുതുകയോ തന്റെ ഖുതുബയിൽ പറയുകയോ ചെയ്തിട്ടുണ്ട്:

**'റസൂൽ കരീം(സ)യെക്കുറിച്ച് നാം കാണുന്നത്, തിരുനബി(സ)യുടെ ശത്രുക്കൾ പോലും തിരുനബി(സ) സ്വാദിഖും (സത്യസന്ധൻ) അമീനും (വിശ്വസ്തൻ) ആയിരുന്നു എന്ന് അംഗീകരിച്ചിരുന്നു എന്നാണ്. അവർ തിരുനബി(സ)യുടെ മേൽ യാതൊരു കുറ്റവും ചുമത്തിയില്ല, മറിച്ച് കടുത്ത ശത്രുക്കൾ പോലും തിരുനബി(സ)യുടെ പരിശുദ്ധിക്കും നിർമ്മലതയ്ക്കും സാക്ഷ്യം വഹിക്കുകയാണുണ്ടായത്.**

അതുപോലെ മക്കയിൽ ഒരു യോഗം ചേരുകയുണ്ടായി; പുറത്തുനിന്നുള്ള ആളുകൾ മക്കയിൽ വരുമ്പോൾ മുഹമ്മദ്(സ)യെക്കുറിച്ച് ചോദിച്ചാൽ അവർക്ക് എന്ത് മറുപടി നൽകണം എന്നതിനെക്കുറിച്ചായിരുന്നു അത്. ഭിന്നതകൾ ഒഴിവാക്കാൻ എല്ലാവരും ചേർന്ന് ഒരൊറ്റ മറുപടി തയ്യാറാക്കുക. ഒരാൾ ഒന്നു പറയുന്നു മറ്റൊരാൾ വേറൊന്നു പറയുന്നു എന്ന രീതിയിൽ നാം ഇതിനകം തന്നെ അപമാനിതരായിരിക്കുകയാണ്. അതിനാൽ ഹജ്ജിനായി വരുന്ന ആളുകളോട് പറയാൻ ഒരു കാര്യത്തിൽ തീരുമാനമെടുക്കുക. അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു: 'അദ്ദേഹത്തിന് കള്ളം പറയുന്ന ശീലമുണ്ടെന്ന് പറഞ്ഞേക്കുക. അദ്ദേഹം പറയുന്നതെല്ലാം കള്ളമാണെന്ന്.' ഇത് കേട്ടപ്പോൾ നദ്റുബ്നുൽ ഹാരിസ് എന്ന് പേരുള്ള ഒരാൾ എഴുന്നേറ്റു നിന്ന് പറഞ്ഞു: 'ഈ കാര്യം പറയരുത്. നിങ്ങളിത് പറയുകയാണെങ്കിൽ ആരും വിശ്വസിക്കുകയില്ല, ആളുകൾ മറുപടിയായി പറയും... മുഹമ്മദ്(സ) നിങ്ങൾക്കിടയിലാണ് തന്റെ യൗവനകാലം ചിലവഴിച്ചത്, ആ സമയത്ത് അദ്ദേഹം നിങ്ങളിൽ വെച്ച് ഏറ്റവും ഉത്തമനായും ഏറ്റവും സത്യസന്ധനായും അങ്ങേയറ്റം വിശ്വസ്തനായും ആയിരുന്നു കരുതപ്പെട്ടിരുന്നത്. ഒടുവിൽ അദ്ദേഹത്തിന്റെ തലമുടി നരയ്ക്കുകയും അദ്ദേഹം നിങ്ങളുടെ അടുക്കൽ ഈ അധ്യാപനവുമായി വരികയും ചെയ്തപ്പോൾ' അതായത് ഇസ്‌ലാമിന്റെ അധ്യാപനം 'നിങ്ങൾ അദ്ദേഹം കള്ളം പറയുന്നവനാണെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവാണെ സത്യം! ഈ സാഹചര്യത്തിൽ അദ്ദേഹം കള്ളം പറയുന്നവനാകാൻ കഴിയില്ല.' ആ വ്യക്തിയുടെ ഈ മറുപടിയിൽ എല്ലാവരും തങ്ങളുടെ തെറ്റ് സമ്മതിക്കുകയും ഈ ആക്ഷേപത്തിന് പകരം മറ്റ് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുകയും ചെയ്തു. എത്രമാത്രം സത്യസന്ധമായ കാര്യമാണ് ആ വ്യക്തി അവതരിപ്പിച്ചത്. ഇതിനുമുമ്പ് എപ്പോഴെങ്കിലും റസൂൽ കരീം(സ)യുടെ മേൽ അവർ കള്ളം ആരോപിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ ആരെങ്കിലും അത് വിശ്വസിക്കുമായിരുന്നു, എന്നാൽ മുമ്പത്തെ ജീവിതകാലം മുഴുവൻ അവർ തിരുനബി(സ)യെ സ്വാദിഖ് (സത്യസന്ധൻ) എന്ന് വിളിച്ചുകൊണ്ടിരുന്നപ്പോൾ, പെട്ടെന്നുള്ള ഈ ആരോപണത്തെ ആരാണ് സത്യമെന്ന് വിശ്വസിക്കുക.'

ഈ വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു; തിരുനബി(സ)യുടെ ഏത് കാര്യമായിരുന്നു എതിരാളികളിൽ കൂടുതൽ സ്വാധീനം ചെലുത്തിയിരുന്നത്? അവർ തുടക്കത്തിൽ വിശുദ്ധ ഖുർആൻ കൊണ്ടല്ല സ്വാധീനിക്കപ്പെട്ടത്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്കൊന്നും തന്നെ അവരെ സ്വാധീനിക്കാൻ കഴിഞ്ഞിരുന്നില്ല, അതായത് തിരുനബി(സ)യുടെ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനോ തിരുനബി(സ)യുടെ ബൈഅത്തിലേക്ക് വരാനോ ഉള്ള ഒരു കാരണമായി അത് മാറിയില്ല; മറിച്ച് മുഹമ്മദ് നബി(സ)യുടെ മുൻകാല ജീവിതമായിരുന്നു അവരെ സ്വാധീനിച്ചത്. തിരുനബി(സ) അവർക്കിടയിലാണ് ജീവിച്ചത്. തിരുനബി(സ)യുടെ വിശ്വസ്തതയും നേരും മനുഷ്യരോടുള്ള കാരുണ്യവും ത്യാഗമനസ്ഥിതിയുമായിരുന്നു അവരിൽ സ്വാധീനം ചെലുത്തിയിരുന്നത്. പ്രവാചകത്വ വാദത്തിന് മുമ്പ് തിരുനബി(സ) അവരെ ശിർക്കിൽ നിന്ന് വിലക്കിയിരുന്നില്ല, കാരണം അല്ലാഹുവിന്റെ കല്പന ഉണ്ടായിരുന്നില്ല; എങ്കിലും തിരുനബി(സ) സ്വയം ഒരു മുശ്‌രിക് ആയിരുന്നില്ല. തിരുനബി(സ)യുടെ സ്വഭാവരീതികളുടെ ഉത്കൃഷ്ടതയായിരുന്നു അവരിൽ സ്വാധീനം ചെലുത്തിയത്, ആ സ്വാധീനം ജനങ്ങളുടെ ഉള്ളിൽ ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. അതായത് ആളുകളിൽ ഇത് വലിയ സ്വാധീനമുണ്ടാക്കിയിരുന്നു. തിരുനബി(സ)യുടെ നന്മയുടെ ആ അവസ്ഥയും തിരുനബി(സ)യുടെ ഉദാത്തമായ മാതൃകയും ജനങ്ങളെ എന്തായാലും സ്വാധീനിച്ചുകൊണ്ടിരുന്നു. അതിന് എതിരിൽ ദൃഷ്ടി ഉയർത്താൻ പോലും അവർക്ക് കഴിയുമായിരുന്നില്ല.

മുമ്പ് ഞാൻ വിവരിച്ച സംഭവം പോലെതന്നെ, മക്കയിലെ പർവ്വതത്തിന് മുകളിൽ കയറി തിരുനബി(സ) ജനങ്ങളെ വിളിച്ചുകൂട്ടി 'ഇവിടെ വലിയൊരു സൈന്യമുണ്ട് എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ അത് വിശ്വസിക്കുമോ?' എന്ന് ചോദിച്ചപ്പോൾ അത് സാധ്യമായിരുന്നില്ലെങ്കിൽ പോലും ആളുകൾ 'അതേ! ഞങ്ങൾ വിശ്വസിക്കും' എന്നായിരുന്നു പറഞ്ഞത്. കാരണം, തിരുനബി(സ) ഒരിക്കലും തെറ്റായ ഒരു കാര്യവും പറഞ്ഞിട്ടില്ലെന്ന് അവർക്ക് നന്നായി അറിയാമായിരുന്നു. അവർ പറഞ്ഞു: 'നീ കള്ളം പറയുന്നത് ഞങ്ങൾ ഒരിക്കലും കേട്ടിട്ടില്ല, നീ എപ്പോഴും വിശ്വസ്തനായിരുന്നു. എപ്പോഴും സത്യം മാത്രമേ സംസാരിച്ചിട്ടുള്ളൂ. അതുകൊണ്ട് ഈ കാര്യവും ഞങ്ങൾ വിശ്വസിക്കും.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'ശരി! അങ്ങനെയെങ്കിൽ ഞാൻ മറ്റൊരു സത്യം കൂടി നിങ്ങളോട് പറയാം, അതായത് അല്ലാഹു ഏകനാണ്, ശിർക്ക് തിന്മയായ കാര്യമാണ്. ഏകനായ അല്ലാഹുവിനെ ആരാധിക്കുക, ശിർക്ക് ഉപേക്ഷിക്കുക, അല്ലാത്തപക്ഷം നിങ്ങളുടെ മേൽ ശിക്ഷ വരും.'

ഈ വാക്കുകൾ അവരിൽ സ്വാധീനം ചെലുത്തിയില്ല. തിരുനബി(സ)യുടെ ജീവിതമായിരുന്നു അവരെ സ്വാധീനിച്ചത്. തിരുനബി(സ)യുടെ പ്രവർത്തിയും സത്യസന്ധതയും നേരും നന്മയുമായിരുന്നു അവരിൽ സ്വാധീനമുണ്ടാക്കിയത്. എന്നാൽ പ്രവാചകത്വ വാദം പ്രഖ്യാപിച്ചപ്പോൾ അത് അവരിൽ സ്വാധീനം ചെലുത്തിയില്ല, അവർ അതിനെ നിഷേധിക്കുകയാണുണ്ടായത്. ആകയാൽ, യഥാർഥ്യമെന്തെന്നാൽ മനുഷ്യന്റെ മാതൃകയും പ്രവർത്തിയും ജനങ്ങളെ സ്വാധീനിക്കാൻ തക്കവണ്ണമുള്ളതായിരിക്കണം. അങ്ങനെയാകുമ്പോൾ, ഏതെങ്കിലും ഒരു സമയത്ത് അല്ലാഹു അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും പ്രബോധനത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്യും. അപ്പോൾ എതിരാളികളായിരുന്ന അതേ ആളുകൾ തന്നെ ഇസ്‌ലാമിന്റെ തണലിലേക്ക് വരാൻ തുടങ്ങുകയും യഥാർത്ഥ ഇസ്‌ലാമിനെ മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്യും.

*(അവ: ഖുതുബാത്തെ മഹ്മൂദ്, ഭാഗം: 7, പേജ് 374, 375)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു നമ്മുടെ യജമാനനും നേതാവും അന്ത്യകാല പ്രവാചകനും സയ്യിദുൽ മുത്തഖീനുമായ നബി(സ)നെ വിവിധ തരത്തിലുള്ള ദൈവിക സഹായങ്ങളാൽ വിജയശ്രീലാളിതനാക്കി. തുടക്കത്തിൽ ഹദ്റത്ത് മൂസാ(അ)യെയും ഹദ്റത്ത് ഈസാ(അ)യെയും പോലെ പലായനത്തിന്റെ അടയാളം തിരുനബി(സ)യുടെ ഭാഗധേയത്തിലും ഉണ്ടായെങ്കിലും, ആ ഹിജ്റത്ത് പോലും വിജയത്തിന്റെയും പിന്തുണയുടെയും പ്രാരംഭ ഘടകങ്ങൾ വഹിച്ചിട്ടുണ്ടായിരുന്നു.

ആകയാൽ സുഹൃത്തുക്കളേ! ഭയഭക്തിയുള്ളവൻ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ലെന്ന് ഉറപ്പായി മനസ്സിലാക്കുക. രണ്ട് വിഭാഗങ്ങൾ അന്യോന്യം ശത്രുത പുലർത്തുകയും ആ ശത്രുത അതിന്റെ പാരമ്യതയിൽ എത്തിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏത് വിഭാഗമാണോ ഭയഭക്തിയും സൂക്ഷ്മതയും പുലർത്തുന്നത്, അവർക്കായി ആകാശത്തുനിന്ന് സഹായം ഇറങ്ങിവരുന്നതാണ്. ഈ രീതിയിൽ ആകാശത്തുനിന്നുള്ള വിധി മുഖേന മതപരമായ തർക്കങ്ങൾ പരിഹരിക്കപ്പെടുന്നു.' അതായത് മതപരമായ തർക്കങ്ങൾക്ക് തീരുമാനമുണ്ടാകുന്നു.

'നോക്കൂ, നമ്മുടെ സയ്യിദും മൗലായുമായ നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി(സ) എത്രമാത്രം ബലഹീനമായ ഒരവസ്ഥയിലാണ് മക്കയിൽ വെളിപ്പെട്ടത്, ആ നാളുകളിൽ അബൂജഹൽ ഉൾപ്പെടെയുള്ള അവിശ്വാസികൾ എത്രമാത്രം ഉന്നതിയിലായിരുന്നു, ലക്ഷക്കണക്കിന് ആളുകൾ തിരുനബി(സ)യുടെ ജീവന് തന്നെ ശത്രുക്കളായി മാറിയിരുന്നു. എന്നിട്ട്, ഒടുവിൽ നമ്മുടെ തിരുനബി(സ)യ്ക്ക് വിജയവും പ്രതാപവും നൽകിയ ആ ഘടകം എന്തായിരുന്നു? തീർച്ചയായും മനസ്സിലാക്കുക, അത് ഈ നേരും സത്യസന്ധതയും പരിശുദ്ധ അന്തരംഗവും സത്യവുമായിരുന്നു' അതു കാരണമാണ് ഈ വിജയങ്ങൾ ഉണ്ടായത്.

*(രാസെ ഹഖീഖത്ത്, റൂഹാനി ഖസാഇൻ, ഭാഗം: 14, പേജ് 155,156)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

പ്രതാപവാനായ അല്ലാഹു നമ്മുടെ നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറയുകയാണ്: إِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ 'നിശ്ചയമായും നീ മഹത്തായ ഗുണത്തിൽ വർത്തിക്കുന്നു'(68:5). അതായത് ഔദാര്യം, ധൈര്യം, നീതി, കൃപ, ദയ, പരോപകാരം, സത്യസന്ധത, മഹാമനസ്കത മുതലായ സകല ഉത്കൃഷ്ട മാനസിക ഗുണങ്ങളും നിന്നിൽ സമ്മിളിതമായിരിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന വിനയം, ലജ്ജ, വിശ്വസ്തത, കൃപ, അഭിമാനം, സ്ഥൈര്യം, നിർമ്മലത, ഭക്തി, സൗമ്യത, ആർദ്രത, അനുകമ്പ, ധീരത, ഔദാര്യം, ക്ഷമ, സഹിഷ്ണുത, പരോപകാരത, സത്യസന്ധത, നിഷ്കപടത എന്നിങ്ങനെയുള്ള പ്രകൃതിപരമായ ബോധങ്ങൾ യുക്തി വിചാരത്തോടുകൂടി പ്രയോഗിക്കപ്പെടുമ്പോൾ സൽഗുണങ്ങളായി പരിണമിക്കുന്നു.

*(ഇസ്‌ലാമി ഉസൂൽ കി ഫിലാസഫി, റൂഹാനി ഖസാഇൻ ഭാഗം: 10, പേജ്: 333)*

ആകയാൽ ആളുകളോട് പുഞ്ചിരിയോടെ പെരുമാറുന്നതോ സലാം പറയുന്നതോ മാത്രമല്ല സൽസ്വഭാവം മറിച്ച് തിരുനബി(സ)യുടെ ഉദാത്തമായ മാതൃകയനുസരിച്ച് എല്ലാ നന്മകളും ജനങ്ങളുമായുള്ള ഇടപാടുകളിൽ പ്രകടിപ്പിക്കുന്നതാകുന്നു ഉന്നതമായ സൽസ്വഭാവം. ഇതിലേക്ക് ശ്രദ്ധ തിരിക്കേണ്ടത് ആവശ്യമാണ്.

തിരുനബി(സ) ലോകത്തിൽ സത്യം പ്രചരിപ്പിക്കാനാണ് വന്നത്. അതുകൊണ്ട് വിവിധ സന്ദർഭങ്ങളിൽ, തിരുനബി(സ) തന്നിൽ വിശ്വസിച്ചവരോടും സത്യത്തിൽ ഉറച്ചുനിൽക്കാൻ ഉപദേശിക്കുകയുണ്ടായി. അതനുസരിച്ച് ഒരു രിവായത്തിൽ ഇപ്രകാരം വരുന്നു; ഹദ്റത്ത് അബ്ദുല്ലാഹ്(റ) ബിൻ മസ്ഊദ് വിവരിക്കുന്നു, റസൂലുല്ലാഹ്(സ) പറഞ്ഞു:

സത്യം നിങ്ങൾക്കു നിർബന്ധമാണ്, കാരണം സത്യം നന്മയിലേക്ക് നയിക്കുന്നു, നന്മ സ്വർഗ്ഗത്തിലേക്ക് നയിക്കുന്നു. ഒരു മനുഷ്യൻ നിരന്തരം സത്യം പറയുകയും സത്യം അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഒടുവിൽ അവൻ അല്ലാഹുവിന്റെ അടുക്കൽ സിദ്ദീഖ് (സത്യവാൻ) ആയി രേഖപ്പെടുത്തപ്പെടുന്നു. നിങ്ങൾ കള്ളം പറയുന്നതിൽ നിന്ന് വിട്ടുനിൽക്കുക, കാരണം കള്ളം തിന്മയിലേക്ക് നയിക്കുന്നു, തിന്മ നരകാഗ്നിയിലേക്ക് നയിക്കുന്നു. ഒരു മനുഷ്യൻ കള്ളം പറഞ്ഞുകൊണ്ടേയിരിക്കുകയും കള്ളം അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഒടുവിൽ അവൻ അല്ലാഹുവിന്റെ പക്കൽ കദ്ദാബ് (പെരുംകള്ളം പറയുന്നവൻ) ആയി രേഖപ്പെടുത്തപ്പെടുന്നു; അവൻ കദ്ദാബ് ആയി രേഖപ്പെടുത്തപ്പെടുമ്പോൾ അവൻ നരകാഗ്നിയിലേക്ക് പോകുന്നു. ആകയാൽ ഇത് ഏറെ ഭയപ്പെടേണ്ട ഒരു ഘട്ടമാകുന്നു.

*(ജാമിഅ് അത്തിർമിദി, കിതാബുൽ ബിർരി വസ്സില:, ബാബു മാ ജാഅ ഫി സ്സിദ്ഖി വൽ കദിബ്, ഹദീസ്: 1971)*

ഹദ്റത്ത് അബ്ദുല്ലാഹ്(റ) ബിൻ മസ്ഊദിൽ നിന്നുള്ള മറ്റൊരു രിവായത്തിൽ ഇപ്രകാരം പറയുന്നു, തിരുനബി(സ) പറഞ്ഞു:

തീർച്ചയായും കള്ളം ഒരു അവസ്ഥയിലും ശരിയല്ല, ഗൗരവത്തിലായാലും തമാശയിലായാലും.

ചില ആളുകൾ തമാശയായി പറയാറുണ്ട്; ഞങ്ങൾ വെറുതെ തമാശ പറഞ്ഞതാണ്, കള്ളം പറഞ്ഞതാണ് എന്ന്. ഇത് തമാശയിൽ പോലും അനുവദനീയമല്ല.

ഒരാൾ തന്റെ കുട്ടിയോട് വല്ല വാഗ്ദാനവും നൽകിയിട്ട് പിന്നീട് അത് പൂർത്തിയാക്കാതിരിക്കുന്നതും ശരിയല്ല. തീർച്ചയായും സത്യസന്ധത നന്മയിലേക്ക് വഴിനടത്തുന്നു, നന്മ സ്വർഗ്ഗത്തിലേക്ക് നയിക്കുന്നു. തീർച്ചയായും കള്ളം തിന്മയിലേക്ക് നയിക്കുന്നു, തിന്മ നരകാഗ്നിയിലേക്ക് അതായത് നരകത്തിലേക്ക് നയിക്കുന്നു. സത്യം പറയുന്ന മനുഷ്യനെക്കുറിച്ച് പറയപ്പെടുന്നത്; അവൻ സത്യം പറയുകയും നന്മ പ്രവർത്തിക്കുകയും ചെയ്തു എന്നാണ്, കള്ളം പറയുന്നവനെക്കുറിച്ച് പറയപ്പെടുന്നത്; അവൻ കള്ളം പറയുകയും തിന്മ പ്രവർത്തിക്കുകയും ചെയ്തു എന്നാണ്.

*(അൽജാമിഉ ലിശുഅബിൽ ഈമാൻ ബൈഹഖി, ഭാഗം 6, പേജ് 441, ഹദീസ്: 4453, മക്തബത്തുർ റുഷ്ദ്)*

സൂറ: തൗബയിലെ 119-ാം ആയത്ത്

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَكُونُواْ مَعَ ٱلصَّٰدِقِينَ

അതായത്: 'അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും സത്യവാന്മാരുടെ കൂട്ടത്തിലാവുകയും ചെയ്യുവിൻ'. ഈ ആയത്തിന്റെ വിശദീകരണത്തിൽ അല്ലാമാ റാസി(റഹ്) പറയുന്നു; ഒരാൾ തിരുനബി(സ)യുടെ അടുക്കൽ വന്നിട്ട് പറഞ്ഞു:

'യാ റസൂലുല്ലാഹ്! ഞാൻ എന്റെ തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന ഒരു മനുഷ്യനാകുന്നു, എന്നാൽ എനിക്ക് മദ്യം, വ്യഭിചാരം, മോഷണം, കള്ളം എന്നിവ വളരെ ഇഷ്ടമാണ്. ഈ ശീലങ്ങൾ എന്നിൽ വളരെ കൂടുതലായി കാണപ്പെടുന്നുണ്ട്. ആളുകൾ പറയുന്നു നീ ഈ കാര്യങ്ങളെയെല്ലാം ഹറാമാക്കിയിരിക്കുന്നു എന്ന്. ഇപ്പോൾ ഞാൻ വിശ്വാസിയായിരിക്കുന്നു, വിശ്വാസി ആകാൻ ആഗ്രഹിക്കുന്നു; എന്നാൽ അങ്ങ് ഈ കാര്യങ്ങൾ ഹറാം ആണെന്ന് പറയുന്നു. ഇവയാകട്ടെ എന്നിൽ വളരെ കൂടുതലുമുണ്ട്. ഇവയെല്ലാം പൂർണ്ണമായി ഉപേക്ഷിക്കാൻ എനിക്ക് കഴിയില്ല. അങ്ങ് ഏതെങ്കിലും ഒരു കാര്യത്തിൽ മാത്രം ഒതുങ്ങിനിന്ന്, ഞാൻ ഉപേക്ഷിക്കേണ്ടതായ ഒരു കാര്യം മാത്രം എനിക്ക് പറഞ്ഞുതരികയാണെങ്കിൽ ഞാൻ അങ്ങയിൽ ഈമാൻ കൊള്ളാം.' തിരുനബി(സ) പറഞ്ഞു: 'എങ്കിൽ ശരി, നീ കള്ളം പറയുന്നത് ഉപേക്ഷിക്കുക.' അയാൾ ഈ കരാർ ചെയ്യുകയും മുസ്‌ലിമാവുകയും ചെയ്തു. പിന്നീട് അയാൾ തിരുനബി(സ)യുടെ അടുക്കൽ നിന്ന് പുറത്തിറങ്ങിയപ്പോൾ അയാൾക്ക് മദ്യം സമർപ്പിക്കപ്പെട്ടു. അപ്പോൾ അയാൾ (മനസ്സിൽ) പറഞ്ഞു: 'ഞാൻ ഇത് കുടിക്കുകയാണെങ്കിൽ, പിന്നീട് റസൂലുല്ലാഹ്(സ) എന്നോട് ചോദിക്കുമ്പോൾ ഞാൻ കള്ളം പറ

• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യേണ്ടിവരും, അപ്പോൾ ഞാൻ കരാർ ലംഘനം നടത്തിയവനായി മാറും; ഇനി ഞാൻ സത്യം പറയുകയാണെങ്കിലോ എന്റെ മേൽ ഹദ്ദ് (ശിക്ഷ) നടപ്പിലാക്കപ്പെടും.' ഇതു കാരണം അയാൾ അത് ഉപേക്ഷിച്ചു. പിന്നീട് വ്യഭിചാരത്തിന് അവസരം വന്നു, അപ്പോഴും ഇതെല്ലാം അയാളുടെ ചിന്തയിൽ വന്നു അയാൾ അതിനെയും ഉപേക്ഷിച്ചു; ഈ രീതിയിൽ തന്നെ മോഷണവും ഉപേക്ഷിച്ചു. പിന്നീട് അയാൾ റസൂലുല്ലാഹ്(സ)യുടെ അടുക്കൽ മടങ്ങിവന്നിട്ട് പറഞ്ഞു:

അങ്ങ് ചെയ്തത് എത്രയോ ഉത്തമമായ കാര്യമാകുന്നു! അങ്ങ് എന്നെ കള്ളം പറയുന്നതിൽ നിന്ന് വിലക്കിയപ്പോൾ ബാക്കി എല്ലാ പാപങ്ങളുടെയും വാതിലുകൾ എനിക്ക് മുന്നിൽ അടക്കപ്പെട്ടു; ഈ രീതിയിൽ അയാൾ എല്ലാ തിന്മകളിൽ നിന്നും തൗബ ചെയ്തു.

*(അത്തഫ്സീറുൽ കബീർ ഇമാം റാസി, ജുസ്അ് 16, പേജ് 227, തഫ്സീറു സൂറത്തുത്തൗബ, ആയത്ത് 119, ദാറുൽ ഫിക്ർ ബെയ്റൂട്ട് 1981)*

ഹദ്റത്ത് അബൂബക്കർ(റ) ഇസ്ലാം സ്വീകരിച്ചതിനെക്കുറിച്ച് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമ(റ) വിവരിക്കുന്നു; ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) തിരുനബി(സ)യുടെ അടുത്ത സുഹൃത്തും ആത്മാർത്ഥ സ്നേഹിതനുമായിരുന്നു.

തിരുനബി(സ) നിയുക്തനായപ്പോൾ ഖുറൈശികൾ ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു: 'ഓ അബൂബക്കർ! താങ്കളുടെ ഈ കൂട്ടുകാരന് ഭ്രാന്ത് പിടിച്ചിരിക്കുന്നു (നഊദുബില്ലാഹ്.)'

ഹദ്റത്ത് അബൂബക്കർ(റ) ചോദിച്ചു: 'അദ്ദേഹത്തിന്റെ കാര്യം എന്താകുന്നു?' അപ്പോൾ ആളുകൾ പറഞ്ഞു: 'അദ്ദേഹം മസ്ജിദുൽ ഹറാമിൽ വെച്ച് ജനങ്ങളെ തൗഹീദിലേക്ക് അതായത് ഏകനായ അല്ലാഹുവിലേക്ക് വിളിക്കുന്നു, താൻ പ്രവാചകനാണെന്നും പറയുന്നു. 'ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ചോദിച്ചു: 'ഈ കാര്യം അദ്ദേഹം സ്വയം പറഞ്ഞതാണോ?' ആളുകൾ പറഞ്ഞു: 'അതേ! അദ്ദേഹം ഈ കാര്യം മസ്ജിദുൽ ഹറാമിൽ വെച്ച് പറയുന്നുമുണ്ട്.'

അതനുസരിച്ച് ഹദ്റത്ത് അബൂബക്കർ(റ) തിരുനബി(സ)യുടെ അടുക്കലേക്ക് പോവുകയും തിരുനബി(സ)യുടെ വാതിലിൽ മുട്ടുകയും ചെയ്തു. തിരുനബി(സ)യെ പുറത്തേക്ക് വിളിച്ചു. തിരുനബി(സ) അദ്ദേഹത്തിന്റെ മുന്നിലേക്ക് വന്നപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: 'ഓ അബുൽ ഖാസിം! അങ്ങയെക്കുറിച്ച് ഞാൻ എന്താണ് ഈ കേൾക്കുന്നത്!' തിരുനബി(സ) ചോദിച്ചു: 'ഓ അബൂബക്കർ! എന്നെക്കുറിച്ച് താങ്കൾ എന്താണ് കേട്ടത്? ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: 'അങ്ങ് അല്ലാഹുവിന്റെ തൗഹീദിലേക്ക് വിളിക്കുന്നുവെന്നും അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്ന് പറയുന്നുവെന്നും കേൾക്കുകയുണ്ടായി. തിരുനബി(സ) പറഞ്ഞു: 'അതേ ഓ അബൂബക്കർ! തീർച്ചയായും എന്റെ റബ്ബ് എന്നെ ബശീറും (സന്തോഷവാർത്ത അറിയിക്കുന്നവനും) നദീറും (മുന്നറിയിപ്പ് നൽകുന്നവനും) ആക്കിയിരിക്കുന്നു, എന്നെ ഇബ്രാഹീമിന്റെ പ്രാർത്ഥന (സായൂജ്യം) ആക്കിയിരിക്കുന്നു, എല്ലാ മനുഷ്യരിലേക്കുമായി എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു.'

ഹദ്റത്ത് അബൂബക്കർ(റ) തിരുനബി(സ)യോട് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഞാൻ ഒരിക്കലും അങ്ങ് കള്ളം പറയുന്നതായി കണ്ടിട്ടില്ല. തീർച്ചയായും അങ്ങ് അങ്ങയുടെ വിശ്വസ്തതയുടെ ഉത്കൃഷ്ടത കൊണ്ടും, കുടുംബബന്ധങ്ങൾ ചേർക്കുന്നതു കൊണ്ടും, ഉത്തമമായ പ്രവർത്തികൾ കൊണ്ടും പ്രവാചകത്വത്തിന് ഏറ്റവും കൂടുതൽ അർഹനാകുന്നു. അങ്ങയുടെ കൈ നീട്ടിയാലും, ഞാൻ അങ്ങേയ്ക്ക് ബൈഅത്ത് ചെയ്യട്ടെ!.'

പിന്നീട് റസൂൽ കരീം(സ) തന്റെ കൈ നീട്ടുകയും ഹദ്റത്ത് അബൂബക്കർ(റ) തിരുനബി(സ)ക്ക് ബൈഅത്ത് ചെയ്യുകയും തിരുനബി(സ)യെ സാക്ഷ്യപ്പെടുത്തുകയും തിരുനബി(സ) കൊണ്ടുവന്നത് സത്യമാണെന്ന് അംഗീകരിക്കുകയും ചെയ്തു. അല്ലാഹുവാണെ സത്യം! റസൂൽ കരീം(സ) അദ്ദേഹത്തെ ഇസ്ലാമിലേക്ക് ക്ഷണിച്ചപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) യാതൊരുവിധ മടിയോ ശങ്കയോ കാണിച്ചില്ല.'

*(രിയാദുൻ നദ്റ തർജമ, ഭാഗം: 1, പേജ് 154,156, ചിശ്തി കുതുബ് ഖാന ലാഹോർ 2017)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതേക്കുറിച്ച് പറയുന്നു:

'തിരുനബി(സ) തന്റെ പ്രവാചകത്വം പ്രഖ്യാപിച്ച സമയത്ത് ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ശാമിലേക്ക് (സിറിയ) പോയിരിക്കുകയായിരുന്നു. അദ്ദേഹം മടങ്ങിവരുന്ന വഴിയിൽ വെച്ച് ഒരാളെ കണ്ടുമുട്ടി. അദ്ദേഹത്തോട് മക്കയിലെ അവസ്ഥകളെക്കുറിച്ച് ചോദിക്കുകയും എന്തെങ്കിലും പുതിയ വാർത്തകളുണ്ടോ എന്ന് ആരായുകയും ചെയ്തു. യാത്ര കഴിഞ്ഞു മടങ്ങുമ്പോൾ ജന്മനാട്ടിലെ ആരെങ്കിലും കണ്ടുമുട്ടിയാൽ നാട്ടിലെ വിവരങ്ങൾ ചോദിക്കുക എന്നത് സ്വാഭാവികമായ കാര്യമാണല്ലോ.

അപ്പോൾ അയാൾ പറഞ്ഞു: 'പുതിയ വാർത്ത നിന്റെ സുഹൃത്ത് മുഹമ്മദ്(സ) പ്രവാചകത്വം വാദിച്ചിരിക്കുന്നു എന്നതാണ്.' ഇത് കേട്ടയുടൻ അദ്ദേഹം പറഞ്ഞു: 'അദ്ദേഹം അങ്ങനെയൊരു വാദം ഉന്നയിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അദ്ദേഹം സത്യവാനാണ്.' ഇതിൽ നിന്നും തിരുനബി(സ)യോട് അദ്ദേഹത്തിന് എത്രത്തോളം നല്ല ധാരണ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം.'

അതായത് തിരുനബി(സ)യുടെ മേൽ ഹദ്റത്ത് അബൂബക്കർ(റ)ന് എത്രമാത്രം നല്ല ധാരണയാണുണ്ടായിരുന്നത്!

'അദ്ദേഹം ഒരു അത്ഭുതപ്രവർത്തിയുടെ (മുഅ്ജിസത്തിന്റെ) പോലും ആവശ്യം കണ്ടില്ല. യഥാർത്ഥത്തിൽ അത്ഭുതപ്രവർത്തികൾ ആവശ്യപ്പെടുന്നത് സാഹചര്യങ്ങളെക്കുറിച്ച് ബോധ്യമില്ലാത്തവരും അന്യത അനുഭവപ്പെടുന്നവരുമാണ്; അവർ തങ്ങൾക്ക് ആശ്വാസം ലഭിക്കുന്നതിനായി അത് ആവശ്യപ്പെടുന്നു. എന്നാൽ യാതൊരുവിധ നിഷേധവുമില്ലാത്ത ഒരാൾക്ക് മുഅ്ജിസത്തിന്റെ എന്ത് ആവശ്യമാണുള്ളത്?

ചുരുക്കത്തിൽ, ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) വഴിയിൽ വെച്ച് തന്നെ വിവരമറിഞ്ഞ് ഈമാൻ കൊണ്ടു. അദ്ദേഹം മക്കയിൽ എത്തിയപ്പോൾ തിരുനബി(സ)യുടെ സന്നിധിയിൽ ഹാജരായി ചോദിച്ചു: ഭഅങ്ങ് പ്രവാചകത്വം വാദിച്ചിട്ടുണ്ടോ?ഭ തിരുനബി(സ) പറഞ്ഞു: ഭഅതെ, അത് ശരിയാണ്.ഭ അപ്പോൾ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) പറഞ്ഞു: 'അങ്ങ് സാക്ഷിയായിരിക്കുക, അങ്ങയെ ആദ്യമായി സത്യപ്പെടുത്തിയ വ്യക്തി ഞാനാണ്.'

*(മൽഫൂസാത്ത്, ഭാഗം 1, പേജ് 337, എഡിഷൻ 2022)*

'പിന്നീട് മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു;

ഈ കാര്യം ഉൾക്കൊള്ളുക എന്നത് ഭാഗ്യമാണ്. (തുടക്കകാലത്ത് തന്നെ സത്യം കണ്ടെത്താത്തവന് യാതൊരുവിധ യോഗ്യതയോ ഗുണമോ ഇല്ല. തുടക്കത്തിൽ തന്നെ സന്ദേശം കേട്ട് ബൈഅത്ത് ചെയ്യുകയും അത് സ്വീകരിക്കുകയും ചെയ്യുന്നവനാണ് യോഗ്യനായ മനുഷ്യൻ. യഥാർത്ഥത്തിൽ അവന്റേതാണ് ഭാഗ്യവത്തായ പ്രകൃതം. എന്നാൽ തർക്കങ്ങളും വാദങ്ങളും ഉന്നയിക്കുന്നവന് യാതൊരു യോഗ്യതയുമില്ല, ഒരു ഗുണവുമില്ല.

അല്ലാഹു എല്ലാം വെളിപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ കല്ലും മരവും വരെ സംസാരിക്കും. അതായത്, എല്ലാം വ്യക്തമാവുകയും എല്ലാ കാര്യങ്ങളും പ്രകടമാവുകയും അടയാളങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങുകയും ചെയ്യുമ്പോൾ ഒരാൾ അത് സ്വീകരിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള അവസ്ഥയിൽ എല്ലാ വസ്തുക്കളും തന്നെ അത് സ്വീകരിക്കുന്നതാണ്. ഏറ്റവും കൂടുതൽ മൂല്യമുള്ളത് തുടക്കത്തിൽ തന്നെ സ്വീകരിക്കുന്ന വ്യക്തിക്കാണ്; ഹദ്റത്ത് അബൂബക്കർ(റ) സ്വീകരിച്ചതുപോലെ. അദ്ദേഹം ഒരു മുഅ്ജിസത്തും (അത്ഭുതപ്രവർത്തിയും) ആവശ്യപ്പെട്ടില്ല, തിരുനബി(സ)യുടെ നാവിൽ നിന്ന് നേരിട്ട് കേൾക്കുന്നതിന് മുൻപ് തന്നെ അദ്ദേഹം ഈമാൻ കൊണ്ടു. അതായത് പ്രവാചകത്വ വാദം പോലും തിരുനബി(സ)യിൽ നിന്ന് നേരിട്ട് കേൾക്കുന്നതിന് മുൻപാണ് അദ്ദേഹം വിശ്വാസിയായത്.

ഹദ്റത്ത് അബൂബക്കർ(റ) തന്റെ കച്ചവടത്തിനായി പോയിരിക്കുകയായിരുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സംഭവം മുഴുവൻ വിവരിച്ചുകൊണ്ട് പറയുന്നു:

വഴിയിൽ വെച്ച് ഒരാളെ കണ്ടുമുട്ടി. അദ്ദേഹത്തോട് പുതിയ വാർത്തയന്വേഷിച്ചപ്പോൾ, 'നിന്റെ സുഹൃത്ത് പ്രവാചകത്വം വാദിച്ചിരിക്കുന്നു' എന്ന് അയാൾ പറഞ്ഞു. ഇത് കേട്ടയുടൻ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) പറഞ്ഞു: 'അദ്ദേഹം പ്രവാചകത്വം വാദിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം സത്യവാനാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പറയുന്നു:

ഇനി സൂക്ഷ്മമായി ചിന്തിച്ചു നോക്കൂ; ഹദ്റത്ത് അബൂബക്കർ(റ) ആ സമയത്ത് യാതൊരുവിധ അടയാളമോ മുഅ്ജിസത്തോ ആവശ്യപ്പെട്ടില്ല, മറിച്ച് കേട്ടയുടൻ തന്നെ ഈമാൻ കൊണ്ടു. ആ വാദം തിരുനബി(സ)യുടെ തിരുനാവിൽ നിന്ന് നേരിട്ട് കേൾക്കുക പോലും ചെയ്യാതെ മറ്റൊരു വ്യക്തിയിൽ നിന്ന് കേട്ടയുടൻ തന്നെ അദ്ദേഹം അത് അംഗീകരിക്കുകയായിരുന്നു. ഇത് എത്രമാത്രം ഉന്നതമായ ഈമാനാണ്! തിരുനബി(സ)യുടെ നാമത്തിലുള്ള ഒരു വിവരണം കേട്ടയുടൻ തന്നെ

അതായത് തിരുനബി(സ)യുടെ നാമത്തിൽ കേട്ട ആ കാര്യത്തിൽ കളവിന്റെ യാതൊരു സാധ്യതയും അദ്ദേഹം കണ്ടില്ല. തിരുനബി(സ) പ്രവാചകത്വം വാദിച്ചു എന്ന വിവരം കേട്ടപ്പോൾ തന്നെ അദ്ദേഹം അതിൽ വിശ്വസിച്ചു, കാരണം തിരുനബി(സ)ക്ക് കളവ് പറയാൻ സാധ്യമല്ല എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

നോക്കൂ! ഹദ്റത്ത് അബൂബക്കർ(റ) ഒരു അടയാളവും ആവശ്യപ്പെട്ടില്ല. അതു കൊണ്ടുതന്നെയാണ് അദ്ദേഹത്തിന് 'സിദ്ദീഖ്' (സത്യസന്ധൻ) എന്ന നാമം ലഭിച്ചത്. തിരു

**• ഹദീഥുന്നബവി ﷺ •**

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

മുഖം കണ്ടമാത്രയിൽ തന്നെ അദ്ദേഹം, നബി(സ) കളവ് പറയുന്ന ഒരു ആളല്ല എന്ന് തിരിച്ചറിഞ്ഞു. അതിനാൽ സത്യവാന്മാരെ തിരിച്ചറിയുന്നതും അവരെ അംഗീകരിക്കുന്നതും അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. അവരുടെ അടയാളങ്ങൾ സ്വയം വെളിപ്പെടുന്നവയാണ്.'

*(അവ: മൽഫൂസാത്, ഭാഗം 4, പേജ് 122,123, എഡിഷൻ 2022)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഅവ്വൽ(റ) ഈ വിഷയത്തെക്കുറിച്ച് ഒരിടത്ത് ഇപ്രകാരം വിവരിക്കുന്നു:

'തിരുനബി(സ)യുടെ പ്രവാചകത്വത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഹദ്റത്ത് ഖദീജ(റ) നൽകിയ സാക്ഷ്യത്തെ വിസ്മരിക്കാൻ സാധ്യമല്ല. തിരുനബി(സ) ദിവ്യസന്ദേശം ശ്രവിക്കുകയും ഈ സന്ദേശത്തെ ലോകം മുഴുവൻ എതിർക്കുമെന്ന് മനസ്സിലാക്കുകയും ചെയ്ത വേളയിൽ, ഭഖദീജാ! എനിക്ക് എന്റെ ജീവനിൽ ഭയം തോന്നുന്നുഭ എന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞു: ഭഅങ്ങ് സന്തോഷവാനായിരിക്കുക. അല്ലാഹുവാണെ സത്യം! അല്ലാഹു അങ്ങയെ ഒരിക്കലും അപമാനിതനാക്കുകയില്ല.'

ഹദ്റത്ത് ഖദീജ(റ) പറഞ്ഞു: ജനങ്ങൾ എന്ത് വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ, അങ്ങ് സന്തോഷവാനാവുക. കാര്യം ഇതാണെങ്കിൽ അല്ലാഹു അങ്ങയെ ഒരിക്കലും കൈവിടുകയില്ല; കാരണം അങ്ങ് എല്ലായ്പ്പോഴും കുടുംബബന്ധം പുലർത്തുന്നവനും സത്യം പറയുന്നവനും, പ്രയാസമനുഭവിക്കുന്നവരുടെ പ്രയാസങ്ങൾ ചുമക്കുന്നവനും ദരിദ്രരെ സഹായിക്കുന്നവനും അതിഥികളെ സൽക്കരിക്കുന്നവനും നല്ല കാര്യങ്ങളിൽ സമയാസമയങ്ങളിൽ സഹായിക്കുന്നവനുമാണ്.'

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഅവ്വൽ(റ) പറയുന്നു:

'ചിന്തിച്ചു നോക്കൂ, തിരുനബി(സ)യുടെ അതേ നാട്ടുകാരിയും അതേ ഗോത്രക്കാരിയുമായ, പതിനഞ്ച് വർഷമായി തിരുനബി(സ)യുടെ കൂടെ ദാമ്പത്യജീവിതം നയിക്കുന്ന ഒരു അമ്പത്തിയഞ്ചുകാരിയായ സ്ത്രീ എന്തൊരു സാക്ഷ്യമാണ് നൽകുന്നത്! തിരുനബി(സ) ദു:ഖിതനും അസ്വസ്ഥനുമായിരുന്ന ഒരു ഘട്ടത്തിൽ ഹദ്റത്ത് ഖദീജ(റ) നൽകിയ ആ സാക്ഷ്യം ഏറെ ചിന്തനീയമാണ്. നബി(സ)യിൽ ഈ സൽഗുണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ, ഖദീജ(റ)യുടെ ആ വാക്കുകൾ ആ സമയത്ത് ഒരിക്കലും ആശ്വാസത്തിന് കാരണമാകുമായിരുന്നില്ല.'

*(അവ: ഇർഷാദാത്തെ നൂർ, വാല്യം 2, പേജ് 330,331, അടിക്കുറിപ്പ്)*

'ശിഅ്ബ് അബീത്വാലിബിലെ ഉപരോധം മൂന്നാം വർഷത്തിലേക്ക് കടന്നപ്പോൾ, അല്ലാഹുവിൽ നിന്ന് വിവരമറിഞ്ഞുകൊണ്ട് നബികരീം(സ) തന്റെ പിതൃവ്യനായ അബൂത്വാലിബിനെ ഇപ്രകാരം അറിയിച്ചു: ബനൂ ഹാഷിമിനെ ബഹിഷ്കരിച്ചുകൊണ്ട് കഅ്ബയിൽ തൂക്കിയിട്ടിരുന്ന കരാർ പത്രത്തിലെ, അല്ലാഹുവിന്റെ നാമമൊഴികെയുള്ള ബാക്കി എല്ലാ വരികളും ചിതൽ തിന്നുതീർത്തിരിക്കുന്നു.

അബൂത്വാലിബിന് റസൂൽ കരീം(സ)യുടെ വാക്കുകളിൽ എത്രമാത്രം വിശ്വാസമുണ്ടായിരുന്നുവെന്നാൽ, അദ്ദേഹം തന്റെ സഹോദരന്മാരോട് തിരുനബി(സ)യുടെ ഈ വാക്കുകൾ കേൾപ്പിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! മുഹമ്മദ്(സ) ഇന്ന് വരെ എന്നോട് ഒരു കളവ് പോലും പറഞ്ഞിട്ടില്ല.'

അങ്ങനെ അദ്ദേഹം അവരെയും കൂട്ടി ഖുറൈശി നേതാക്കളുടെ അടുക്കൽ ചെന്ന് അവരോട് പറഞ്ഞു: 'എന്റെ സഹോദരപുത്രൻ എന്നോട് ഇപ്രകാരം പറഞ്ഞിരിക്കുന്നു അവൻ എന്നോട് ഒരിക്കലും കളവ് പറഞ്ഞിട്ടില്ല. അല്ലാഹു നിങ്ങളുടെ കരാർ പത്രത്തിന്മേൽ ചിതലിനെ അയച്ചിട്ടുണ്ടെന്നും, അല്ലാഹുവിന്റെ നാമമൊഴികെ അതിലുള്ള മറ്റെല്ലാം അത് തിന്നുതീർത്തുവെന്നും പറയുന്നു. എന്റെ സഹോദരപുത്രൻ പറഞ്ഞത് സത്യമാണെങ്കിൽ, ഈ ബഹിഷ്കരണ തീരുമാനത്തിൽ നിന്ന് നിങ്ങൾക്ക് പിന്മാറേണ്ടി വരും. ഇനി അവൻ പറഞ്ഞത് അസത്യമാണെന്ന് തെളിഞ്ഞാൽ ഞാൻ അവനെ നിങ്ങൾക്ക് കൈമാറാം; വേണമെങ്കിൽ നിങ്ങൾ അവനെ വധിച്ചുകൊള്ളുക, അല്ലെങ്കിൽ ജീവിക്കാൻ അനുവദിക്കുക.'

അവർ പറഞ്ഞു: 'ഇത് തികച്ചും നീതിപൂർവ്വമായ കാര്യമാണ്.' തുടർന്ന് ആ കരാർ പത്രം എടുത്തു നോക്കിയപ്പോൾ, റസൂൽ കരീം(സ) പറഞ്ഞതുപോലെ തന്നെയായിരുന്നു അത്. അതോടെ ഖുറൈശികൾ തങ്ങളുടെ ജനങ്ങളുടെ മുൻപിൽ ലജ്ജിതരായിപ്പോയി.'

*(അൽവഫാ ബി അഹ്വാലിൽ മുസ്തഫാ, ഭാഗം 1, പേജ് 315316, അൽ മുഅസ്സസത്തുസ്സഈദിയ്യ, റിയാദ്)*

ഖുറൈശികൾ ഒരിക്കൽ തങ്ങളുടെ നേതാക്കളിൽ ഒരാളായ ഉത്ബയെ പ്രതിനിധിയാക്കി റസൂൽ കരീം(സ)യുടെ സന്നിധിയിലേക്ക് അയക്കുകയുണ്ടായി. അയാൾ പറഞ്ഞു: 'അങ്ങ് എന്തിനാണ് ഞങ്ങളുടെ ദൈവങ്ങളെ അധിക്ഷേപിക്കുന്നത്, ഞങ്ങളുടെ പൂർവ്വികരെ വഴിപിഴച്ചവരായി പ്രഖ്യാപിക്കുന്നത്? അങ്ങയുടെ ആഗ്രഹം എന്താണെങ്കിലും ഞങ്ങൾ അത് നിറവേറ്റിത്തരാം. അങ്ങ് ഈ കാര്യങ്ങളിൽ നിന്ന് പിന്മാറണം.'

തിരുനബി(സ) അങ്ങേയറ്റത്തെ സഹനത്തോടും നിശ്ശബ്ദതയോടും കൂടി അയാളുടെ വാക്കുകൾ കേട്ടിരുന്നു. അയാൾ പറഞ്ഞു തീർന്നപ്പോൾ തിരുനബി(സ) സൂറത്തു ഹാമീം അസ്സജദയിലെ ചില സൂക്തങ്ങൾ പാരായണം ചെയ്തു. 'ആദ്, സമൂദ് ഗോത്രങ്ങൾക്ക് വന്നതുപോലെയുള്ള ഒരു ശിക്ഷയെക്കുറിച്ച് ഞാൻ നിങ്ങളെ താക്കീത് ചെയ്യുന്നു' എന്ന സൂക്തത്തിൽ എത്തിയപ്പോൾ ഉത്ബ തിരുനബി(സ)യെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'ഇനി മതിയാക്കൂ.'

തുടർന്ന് ഉത്ബ അവിടെ നിന്നെഴുന്നേറ്റ് തന്റെ കൂട്ടുകാരുടെ അടുക്കലേക്ക് മടങ്ങിപ്പോയി. അയാൾ ഖുറൈശികളോട് ചെന്ന് പറഞ്ഞു: 'എനിക്കറിയാം, മുഹമ്മദ്(സ) എന്തെങ്കിലും ഒരു കാര്യം പറയുമ്പോൾ ഒരിക്കലും കളവ് പറയുകയില്ല. നിങ്ങൾക്ക് മേൽ എങ്ങിടെയെങ്കിലും ആ ശിക്ഷ ഇറങ്ങിയേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.'

*(അസ്സീറത്തുൽ ഹലബിയ്യ, ഭാഗം: 1, പേജ് 428,429, മത്ബൂഅ ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട് 2002)*

അബൂജഹലിന്റെ സാക്ഷ്യവും ഇതിൽ കാണാം. ഹദ്റത്ത് അലി(റ) വിവരിക്കുന്നു; അബൂജഹൽ തിരുനബി(സ)യോട് പറഞ്ഞു: 'താങ്കൾ കൊണ്ടുവന്ന സന്ദേശത്തെയാണ് ഞങ്ങൾ നിഷേധിക്കുന്നത്.' അതായത് താങ്കളുടെ ദീനിനെയാണ് ഞങ്ങൾ തള്ളിക്കളയുന്നത്.'

*(ജാമിഅ് അത്തിർമിദി, കിതാബു തഫ്സീറുൽ ഖുർആൻ, ബാബ് വ മിൻ സൂറത്തിൽ അൻആം, ഹദീസ്: 3064)*

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്:

'അഖ്നസ് ബിൻ ശരീഖ്, ബദ്ർ യുദ്ധദിവസം അബൂജഹലിനെ കണ്ടുമുട്ടി. അയാൾ ചോദിച്ചു: 'അല്ലയോ അബുൽ ഹകം! ഇവിടെ ഞാനും നീയുമല്ലാതെ നമ്മുടെ സംസാരം കേൾക്കാൻ മറ്റാരുമില്ല. മുഹമ്മദിനെക്കുറിച്ച് എനിക്ക് സത്യം പറഞ്ഞു തരൂ; അദ്ദേഹം സത്യവാനാണോ അതോ കളവ് പറയുന്നവനാണോ?'

അബൂജഹൽ മറുപടി നൽകി: 'അല്ലാഹുവാണെ സത്യം! മുഹമ്മദ്(സ) തീർച്ചയായും സത്യവാനാണ്, മുഹമ്മദ് ഒരിക്കലും കളവ് പറഞ്ഞിട്ടില്ല.'

*(ശറഹുശ്ശഫാ, ഭാഗം 1, പേജ് 303,304, ദാറുൽ കുതുബിൽ ഇൽമിയ്യ 2001)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് ഇപ്രകാരം വിവരിക്കുന്നു: 'മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ ശത്രുക്കൾ തങ്ങളുടെ റസൂലിനെ തിരിച്ചറിയാത്തതുകൊണ്ടാണോ തിരുനബി(സ)യെ നിഷേധിക്കുന്നത്? അതായത്, അവർ നാൽപ്പത് വർഷക്കാലം തിരുനബി(സ)യെ കണ്ടവരാണ് എന്നത് എത്രയോ അത്ഭുതകരമായ കാര്യമാണ്! തിരുനബി(സ)യുടെ ഉത്തമ സ്വഭാവങ്ങളും ശീലങ്ങളും അവർ നേരിട്ട് നിരീക്ഷിച്ചതാണ്. മുഹമ്മദ് റസൂലുല്ലാഹ്(സ) അങ്ങേയറ്റം സത്യസന്ധനായ മനുഷ്യനാണെന്ന് തങ്ങളുടെ ദൃക്സാക്ഷിത്വത്തിലൂടെ അവർ അംഗീകരിച്ചതുമാണ്. എന്നാൽ, ഈ സത്യസന്ധനായ മനുഷ്യൻ ഭനിങ്ങളുടെ സന്മാർഗ്ഗദർശനത്തിനായി ഞാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നു' എന്ന് പ്രഖ്യാപിച്ചപ്പോൾ അവർ തിരുനബി(സ)യെ എതിർക്കാൻ തുനിഞ്ഞു.

ഏതെങ്കിലും ഒരു അന്യനായ വ്യക്തിയാണ് ഇത് പറയുന്നതെങ്കിൽ അതിലൊരു ന്യായമുണ്ടായിരുന്നു. നബി(സ)യെ കണ്ടിട്ടില്ലാത്തതിനാൽ, തിരുനബി(സ) ദൈവത്തിന്റെ മേൽ വ്യാജം കെട്ടിച്ചമയ്ക്കുകയാണെന്ന് തിരുനബി(സ)യെപ്പറ്റി അയാൾക്ക് കരുതാമായിരുന്നു. എന്നാൽ മക്കയിലെ താമസക്കാരായ, അവരുടെ മുൻപിൽ മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ മുഴുവൻ ജീവിതവും ഒരു തുറന്ന പുസ്തകം പോലെ പ്രകടമായിരുന്ന ജനങ്ങൾ, തിരുനബി(സ)യെ എങ്ങനെയാണ് വ്യാജവാദിയാക്കാൻ തുനിയുക...' തിരുനബി(സ)യെ അവർക്ക് എങ്ങനെയാണ് കളവ് പറയുന്നവനെന്ന് പറയാൻ സാധിക്കുക? അവരുടെ ഉള്ളിൽ തിരുനബി(സ) സത്യവാനാണെന്ന് അവർ സമ്മതിക്കുന്നുണ്ടായിരുന്നുവല്ലോ.

'അബൂജഹൽ മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ എത്ര കടുത്ത ശത്രുവായിരുന്നു!' (ഇതിനെപ്പറ്റി ഇപ്പോൾ ഒരു സാക്ഷ്യം കേൾപ്പിച്ചിരുന്നുവല്ലോ). 'എന്നിട്ടും അയാൾ ഒരു സന്ദർഭത്തിൽ പറയുകയുണ്ടായി' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു. 'അല്ലയോ മുഹമ്മദ്!(സ) ഞങ്ങൾ താങ്കളെ കളവ് പറയുന്നവനായി കാണുന്നില്ല. മറിച്ച് താങ്കൾ സമർപ്പിക്കുന്ന ഈ അധ്യാപനങ്ങളെയാണ് ഞങ്ങൾ നിഷേധിക്കുന്നത്.'

അതായത്, അബൂജഹലിനെപ്പോലെയുള്ള കടുത്ത ശത്രുവും കറുത്ത മനസ്സിനുടമയുമായ ഒരുവന്റെ ഹൃദയം പോലും മുഹമ്മദ് റസൂലുല്ലാഹ്(സ)യെ വ്യാജവാദിയെന്ന് പറയാൻ തയ്യാറായിരുന്നില്ല. തിരുനബി(സ)യെ കളവ് പറയുന്നവനെന്ന് പറയുമ്പോൾ അയാളുടെ മനസ്സാക്ഷി അയാളെ കുറ്റപ്പെടുത്തുകയും, താൻ എത്രമാത്രം നികൃഷ്ടമായ കാര്യമാണ് ചെയ്യുന്നതോർത്ത് അയാളുടെ ഹൃദയം മിടിക്കുകയും ചെയ്തിരുന്നു. എന്നാൽ അയാൾ ഒരു ന്യായീകരണം കണ്ടെത്തി; 'ഞാൻ മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ അധ്യാപനങ്ങളെയാണ് തള്ളിക്കളയുന്നത്, തിരുനബി(സ)യെ വ്യാജവാദിയെന്ന് പറയുകയല്ല'. ഇത് 'കുറ്റത്തേക്കാൾ മോശമായ ന്യായീകരണം' എന്നതുപോലെയാണ്.

എന്തായാലും,

തിരുനബി(സ)യുടെ സത്യസന്ധതയും വിശ്വസ്തതയും കാരണം കൊടിയ ശത്രുക്കളുടെ ഹൃദയങ്ങളിൽ പോലും എത്രത്തോളം വലിയ സ്വാധീനമാണ് ഉണ്ടായിരുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

ഉമയ്യ ബിൻ ഖലഫും തിരുനബി(സ)യുടെ കടുത്ത ശത്രുക്കളിൽ ഒരാളായിരുന്നു. എന്നാൽ ഒരു സന്ദർഭത്തിൽ അയാളുടെ നാവിൽ നിന്നും ഭഅല്ലാഹുവാണെ സത്യം! മുഹമ്മദ്(സ) സംസാരിക്കുമ്പോൾ സത്യം മാത്രമേ പറയൂ, അദ്ദേഹം കളവ് പറയാറില്ല.ഭ എന്ന വാക്കുകൾ വരികയുണ്ടായി.

‘ശത്രുവിനെക്കൊണ്ടുപോലും സമ്മതിപ്പിക്കുന്നതാണ് യഥാർത്ഥ മാന്ത്രികത’എന്ന് പറയാറുണ്ട്. തിരുനബി(സ)യുടെ സത്യസന്ധതയുടെയും വിശ്വസ്തതയുടെയും മാന്ത്രികത എത്ര വലുതായിരുന്നുവെന്നാൽ, സ്വന്തം ശത്രുക്കളെക്കൊണ്ടുപോലും അത് സമ്മതിപ്പിക്കാൻ നബി(സ)ക്ക് സാധിച്ചു.‘

*(തഫ്സീറെ കബീർ, വാല്യം 8, പേജ് 363,364, എഡിഷൻ 2023)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം വിവരിക്കുന്നു; തിരുനബി(സ) മദീനയിൽ ആഗതരായപ്പോൾ ആളുകൾ വേഗം തിരുനബി(സ) യുടെ അടുക്കലേക്ക് പോവുകയും റസൂലുല്ലാഹ്(സ) ആഗതരായിരിക്കുന്നു, റസൂലുല്ലാഹ്(സ) ആഗതരായിരിക്കുന്നു, റസൂലുല്ലാഹ്(സ) ആഗതരായിരിക്കുന്നു എന്ന് മൂന്ന് തവണ പറയുകയുണ്ടായി. അദ്ദേഹം പറയുന്നു; ഞാനും ആളുകളുടെ കൂട്ടത്തിൽ കാണാനായി ചെന്നു.

ഞാൻ നബി(സ)യുടെ മുഖം നന്നായി നോക്കിയപ്പോൾ, ഈ മുഖം ഒരു കള്ളം പറയുന്ന ആളുടെ മുഖമല്ല എന്ന് എനിക്ക് മനസ്സിലായി.

നബി(സ) പ്രസ്താവിക്കുകയും ഞാൻ കേൾക്കുകയും ചെയ്ത ഒന്നാമത്തെ കാര്യം ഇപ്രകാരമാകുന്നു; നബി(സ) പറഞ്ഞു: ‘ഓ ജനങ്ങളേ! സലാം വ്യാപിപ്പിക്കുവിൻ, ഭക്ഷണം നൽകുവിൻ, കുടുംബബന്ധങ്ങൾ ചേർത്ത് നന്മയോടു കൂടി പെരുമാറുവിൻ, രാത്രികാലങ്ങളിൽ ആളുകൾ ഉറങ്ങുമ്പോൾ നമസ്കരിക്കുവിൻ; എങ്കിൽ നിങ്ങൾ സമാധാനത്തോടു കൂടി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.’

*(സുനൻ ഇബ്നു മാജ:, കിതാബുൽ ഇത്ഇമ:, ബാബു ഇത്ആമിത്ത് ത്വആം, ഹദീസ്: 3251)*

മദീനയിലെ യഹൂദികളും സാക്ഷ്യം നൽകാൻ തുടങ്ങി. അവരുടെയും സാക്ഷ്യം കാണപ്പെടുന്നുണ്ട്.

മുസ്‌ലിങ്ങളും യഹൂദ ഗോത്രമായ ബനൂ ഖുറൈദയും തമ്മിൽ പരസ്പര സഹകരണ കരാർ ഉണ്ടായിരുന്നു. അഹ്സാബ് യുദ്ധ വേളയിൽ ബനൂ നദീറിലെ നേതാവായ ഹുയയ്യ് ബിൻ അഖ്തബ്, ബനൂ ഖുറൈദയിലെ നേതാവായ കഅബ് ബിൻ അസദ് ഖുറദിയുടെ അടുക്കൽ പോവുകയും, മുസ്‌ലിങ്ങളെ പരാജയപ്പെടുത്തുന്നതിനായി അവരെക്കൊണ്ട് കരാർ ലംഘിപ്പിക്കാനും ഖുറൈശികളെ സഹായിക്കാനും പ്രേരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ ബനൂ ഖുറൈദയുടെ നേതാവും മുസ്‌ലിങ്ങളുടെ ശത്രുവുമായിരുന്ന കഅബ് ബിൻ അസദ് ഇപ്രകാരം പറഞ്ഞു:

‘ഞാൻ മുഹമ്മദ് നബി(സ)യുമായി കരാർ ചെയ്തിട്ടുള്ളതാകുന്നു, ഞാൻ ഒരിക്കലും ഈ കരാർ ലംഘിക്കുന്നവനല്ല. ഞാൻ അദ്ദേഹത്തിൽ നിന്ന് വിശ്വസ്തതയും സത്യസന്ധതയുമല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല.’

*(അൽബിദായതു വന്നിഹായതു, ഭാഗം 6, പേജ് 35,36, പ്രസിദ്ധീകരണം: ദാറു ഹിജ്റ ലിത്തിബാഅത്തി വന്നശർ 1997)*

അതുപോലെതന്നെ മറ്റൊരു രിവായത്തുണ്ട്; ഉബൈദ് ബിൻ ഉമൈർ വിവരിക്കുന്നു, ഒരാൾ ഹദ്റത്ത് ഇബ്നു ഉമർ(റ)നോട് ഇപ്രകാരം ചോദിക്കുന്നത് അദ്ദേഹം കേൾക്കുകയുണ്ടായി: ‘തീർച്ചയായും ഞാൻ തമാശ പറയാറുണ്ട്, എന്നാൽ അതിലും സത്യമല്ലാതെ മറ്റൊന്നും ഞാൻ പറയാറില്ല എന്ന് റസൂലുല്ലാഹ്(സ) പറയുന്നത് അങ്ങ് കേട്ടിട്ടില്ലേ?’ അദ്ദേഹം മറുപടി നൽകി: ‘അതേ.’

*(അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനി, ഭാഗം: 12, പേജ് 391, ഹദീസ്: 13443, മക്തബത്തു ഇബ്നു തൈമിയ്യ)*

ബഹ്സ് ബിൻ ഹകീം തന്റെ പിതാമഹനിൽ നിന്ന് രിവായത്ത് ചെയ്യുന്നു; റസൂലുല്ലാഹ്(സ) ഇപ്രകാരം പറയുന്നത് അദ്ദേഹം കേൾക്കുകയുണ്ടായി:

‘ആളുകളെ ചിരിപ്പിക്കുന്നതിനായി സംസാരിക്കുകയും അതിൽ കള്ളം പറയുകയും ചെയ്യുന്നവന് നാശം! അവന് നാശം! അവന് നാശം!’ ആകയാൽ വളരെ ചെറിയ കള്ളം പറയുന്നതിനെപ്പോലും തിരുനബി(സ) കർശനമായി വിലക്കുകയും വലിയ താക്കീത് നൽകുകയും ചെയ്തിരിക്കുന്നു.

*(സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, ബാബുത്തശ്ദീദി ഫിൽ കദിബ്, ഹദീസ്: 4990)*

ഹദ്റത്ത് അബ്ദുല്ലാഹ്(റ) ബിൻ അംറ് റിവായത്ത് ചെയ്യുന്നു; ഞാൻ റസൂൽ കരീം(സ)യിൽ നിന്ന് കേൾക്കുന്ന ഏതു കാര്യവും എഴുതി വെക്കുമായിരുന്നു, അത് ഓർമ്മയിൽ സൂക്ഷിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പിന്നീട് ഖുറൈശികൾ എന്നെ അതിൽ നിന്ന് തടഞ്ഞു കൊണ്ട് പറഞ്ഞു: ‘കേൾക്കുന്ന എല്ലാ കാര്യങ്ങളും നീ എഴുതിവെക്കുകയാണോ? റസൂലുല്ലാഹ്(സ) ഒരു മനുഷ്യനാകുന്നു, നബി(സ) ദേഷ്യത്തിലും സന്തോഷത്തിലും സംസാരിക്കാറുണ്ട്.’

അതു കേട്ടപ്പോൾ ഞാൻ എഴുതുന്നത് നിർത്തിവെച്ചു. പിന്നീട് ഞാൻ ഈ കാര്യം റസൂലുല്ലാഹ്(സ)യോട് പറഞ്ഞപ്പോൾ തിരുനബി(സ) തന്റെ വിരൽ കൊണ്ട് സ്വന്തം വായുടെ നേരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു: ‘താങ്കൾ എഴുതിക്കൊള്ളുക.’ പിന്നീട് തന്റെ വായുടെ നേരെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു:

‘എന്റെ ജീവൻ ഏത് അസ്തിത്വത്തിന്റെ കൈയിലാണോ അവനാണെ സത്യം! ഇതിൽ നിന്ന് യഥാർത്ഥ്യവും സത്യവുമല്ലാതെ മറ്റൊന്നും പുറത്തുവരുകയില്ല.‘

*(സുനൻ അബൂദാവൂദ്, കിതാബുൽ ഇൽമ്, ബാബു കിതാബത്തിൽ ഇൽമ്, ഹദീസ്: 3646)*

സത്യവും യാഥാർഥ്യവും മാത്രമേ ഈ വായിൽ നിന്ന് പുറത്തുവരൂ, അതുകൊണ്ട് തീർച്ചയായും എഴുതിക്കൊള്ളുക.

വളരെ സൂക്ഷ്മതയോടു കൂടിയായിരുന്നു തിരുനബി(സ) കളവിനെതിരായി ഉപദേശിക്കാറുണ്ടായിരുന്നത്.

മുൻപും ഇതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ഒരു രിവായത്തിൽ ഇപ്രകാരം വരുന്നു; ഹദ്റത്ത് അബ്ദുല്ലാഹ്(റ) ബിൻ ആമിർ വിവരിക്കുന്നു; ഒരു ദിവസം എന്റെ ഉമ്മ എന്നെ വിളിച്ചു, ആ സമയത്ത് റസൂലുല്ലാഹ്(സ) ഞങ്ങളുടെ വീട്ടിൽ വന്നിട്ടുണ്ടായിരുന്നു. എന്റെ ഉമ്മ പറഞ്ഞു: ‘ഇങ്ങോട്ട് വരൂ, ഞാൻ നിനക്ക് ഒരു സാധനം തരാം.’ റസൂലുല്ലാഹ്(സ) അവരോട് ചോദിച്ചു: ‘താങ്കൾ അവന് എന്തൊരു സാധനമാണ് നൽകാൻ ഉദ്ദേശിച്ചത്?’ അവർ ബോധിപ്പിച്ചു: ‘ഞാൻ അവന് ഈത്തപ്പഴം നൽകും.’ റസൂലുല്ലാഹ്(സ) അവരോട് പറഞ്ഞു: ‘താങ്കൾ അവന് യാതൊരു സാധനവും നൽകിയിരുന്നില്ല എങ്കിൽ താങ്കളുടെ മേൽ ഒരു കള്ളം രേഖപ്പെടുത്തപ്പെടുമായിരുന്നു.’

ഇപ്രകാരമാകുന്നു ഇതിന്റെ സൂക്ഷ്മത.

*(സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, ബാബുത്തശ്ദീദി ഫിൽ കദിബ്, ഹദീസ്: 4991)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

‘റസൂൽ കരീം(സ)യുടെ വ്യക്തിപരമായ സ്ഥാനം സത്യസന്ധതയുടെ കാര്യത്തിൽ എത്രയോ ഉന്നതമായിരുന്നുവെന്നാൽ, തിരുനബി(സ)യുടെ ജനത നബി(സ)നെ സ്വിദ്ദീഖ് എന്ന് തന്നെയായിരുന്നു പേരിട്ടിരുന്നത്. നബി(സ) തന്റെ ജമാഅത്തിനോടും എപ്പോഴും സത്യത്തിൽ ഉറച്ചു നിൽക്കാൻ ഉപദേശിക്കുമായിരുന്നു.’

സ്വന്തം സ്ഥാനം എതായാലും അപ്രകാരമായിരുന്നു, മാത്രമല്ല ജമാഅത്തിനോടും സത്യസന്ധതയിൽ ഉറച്ചുനിൽക്കാൻ ഉപദേശിക്കുമായിരുന്നു;

‘കൂടാതെ എല്ലാത്തരം കള്ളത്തിന്റെ നിഴലുകളിൽ നിന്നും പരിശുദ്ധമായ, അങ്ങേയറ്റത്തെ ഉന്നത നിലവാരത്തിലുള്ള സത്യത്തിന്റെ സ്ഥാനത്ത് അവരെ നിർത്തുവാൻ നബി(സ) ശ്രമിക്കുമായിരുന്നു.

സത്യം മാത്രമേ നന്മയിലേക്ക് ശ്രദ്ധതിരിക്കുകയുള്ളൂ എന്നും നന്മ മാത്രമേ മനുഷ്യന് സ്വർഗ്ഗം നേടിത്തരികയുള്ളൂ എന്നും നബി(സ) പറയാറുണ്ടായിരുന്നു. സത്യത്തിന്റെ യഥാർത്ഥ സ്ഥാനം ഇപ്രകാരമാകുന്നു; മനുഷ്യൻ സത്യം പറഞ്ഞുകൊണ്ടേയിരിക്കുകയും ഒടുവിൽ അല്ലാഹുവിന്റെ സന്നിധിയിലും അവൻ സത്യവാനായി കണക്കാക്കപ്പെടുകയും ചെയ്യുക.

ഒരു തവണ വളരെക്കൂടുതൽ മുസ്‌ലിങ്ങളുടെ കൊലപാതകത്തിന് കാരണക്കാരനായ ഒരാൾ തടവുകാരനായി റസൂൽ കരീം(സ)യുടെ അടുക്കൽ കൊണ്ടുവരപ്പെട്ടു. അയാൾ വധശിക്ഷയ്ക്ക് അർഹൻ ആണെന്ന് ഹദ്റത്ത് ഉമർ(റ) മനസ്സിലാക്കിയിരുന്നു. തിരുനബി(സ) വല്ല സൂചനയും നൽകുകയാണെങ്കിൽ അവനെ വധിച്ചുകളയാം എന്ന് കരുതി അദ്ദേഹം കൂടെക്കൂടെ റസൂലുല്ലാഹ്(സ) യുടെ മുഖത്തേക്ക് നോക്കുന്നുണ്ടായിരുന്നു. ആ മനുഷ്യൻ എഴുന്നേറ്റു പോയപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ‘യാ റസൂലുല്ലാഹ്! ഈ മനുഷ്യൻ വധശിക്ഷയ്ക്ക് അർഹനായിരുന്നല്ലോ.’ നബി(സ) ചോദിച്ചു: ‘അവൻ വധശിക്ഷയ്ക്ക് അർഹനായിരുന്നെങ്കിൽ താങ്കൾ അവനെ വധിക്കാതിരുന്നത് എന്തുകൊണ്ടാണ്?‘ അദ്ദേഹം ബോധിപ്പിച്ചു: ‘യാ റസൂലുല്ലാഹ്! അങ്ങ് കണ്ണുകൊണ്ട് ഒന്ന് അടയാളം കാണിച്ചിരുന്നുവെങ്കിൽ ഞാൻ അത് ചെയ്യുമായിരുന്നു.’ നബി(സ) പറഞ്ഞു: ‘പ്രവാചകൻ വഞ്ചകനാവുകയില്ല. ഞാൻ വായ് കൊണ്ട് അവനോട് സ്നേഹത്തോടെ സംസാരിക്കുകയും അതേസമയം കണ്ണുകൊണ്ട് അവനെ വധിക്കാൻ സൂചിപ്പിക്കുകയും ചെയ്യുക എന്നത് എങ്ങനെ സാധ്യമാകും?‘

*(ദീബാചാ തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം ഭാഗം: 20, പേജ് 418)*

ഇത് സാധ്യമല്ല. ഇത് വെറുമൊരു വഞ്ചനയാകുന്നു, എന്നിൽ നിന്ന് ഇത് ഒരിക്കലും ഉണ്ടാവുകയുമില്ല. ആകയാൽ

ശത്രുക്കൾക്ക് പോലും സമ്മതിക്കാതിരിക്കാൻ കഴിയാത്ത വിധം എവിടെയൊക്കെയാണോ നബി(സ) സത്യസന്ധതയുടെയും വ്യക്തമായ സംസാരത്തിന്റെയും ഉന്നത നിലവാരങ്ങൾ സ്ഥാപിതമാക്കിയത്, അവിടെയെല്ലാം തന്നെ തന്നിൽ വിശ്വസിക്കുന്നവരോടും സത്യസന്ധതയുടെ ഉന്നത നിലവാരം കൈവരിക്കാൻ നബി(സ) ഉപദേശിച്ചിട്ടുണ്ട്.

ആകയാൽ ഇന്ന് ഓരോ അഹ്മദിയുടെയും കടമ നമ്മുടെ സത്യസന്ധതയുടെ നിലവാരം എന്താണെന്ന് നമ്മൾ സ്വയം വിലയിരുത്തുക എന്നതാകുന്നു; കൂടാതെ നമ്മിലുള്ള ബലഹീനതകളെ നമ്മൾ ദൂരീകരിക്കേണ്ടതുമുണ്ട്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് പ്രധാനം ചെയ്യുമാറാകട്ടെ.

നമസ്കാരത്തിന് ശേഷം ഒരു ജനാസ ഗായിബ് നമസ്കാരം അനുഷ്ഠിക്കുന്നതാണ്. അത് ശാഹിദ അഹ്മദ് സാഹിബയുടേതാകുന്നു. ഇവർ മിർസാ നസീം അഹ്മദ് സാഹിബിന്റെ (മർഹൂം) ഭാര്യ ആയിരുന്നു. കഴിഞ്ഞ ദിവസം തൊണ്ണൂറ്റൊന്നാം വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

മർഹൂമ മൂസിയ ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗഹിത്രിയും, ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ(റ) യും ഹദ്റത്ത് സാഹിബ്സാദി അമതുൽ ഹഫീസ് ബീഗം സാഹിബയുടെയും മകളുമായിരുന്നു. ഇവർക്ക് നാല് ആൺമക്കളുണ്ടായിരുന്നു.

ഇവരുടെ മൂത്തമകൻ നുഅ്മാൻ എഴുതുന്നു; ഇവർ തന്നോട് വളരെക്കൂടുതൽ സ്നേഹം പുലർത്തിയിരുന്നു എന്നാണ് ഓരോരുത്തരും പറഞ്ഞിരുന്നത്. ആളുകളോട് വളരെ നല്ല രീതിയിലാണ് പെരുമാറിയിരുന്നത്. തുടർന്ന് വീട്ടുകാര്യങ്ങളെക്കുറിച്ച്

അദ്ദേഹം പറയുന്നു; എപ്പോഴും വീട്ടിൽ ആളുകൾ ഉണ്ടായിരിക്കണം എന്നതായിരുന്നു ഇവരുടെ ആഗ്രഹം. അതിഥികളെ സൽക്കരിക്കുന്നതിൽ വളരെ താല്പര്യമുണ്ടായിരുന്നു; മാത്രമല്ല, തനിക്ക് തൗഫീഖ് ഉണ്ടായിരുന്നുവെങ്കിൽ വീട് ഇനിയും വലുതാക്കുമായിരുന്നു, എങ്കിൽ വീട്ടിലേക്ക് അതിഥികൾ വന്നുകൊണ്ടേയിരിക്കുകയും അവർക്കായി മുറികൾ ലഭ്യമാവുകയും ചെയ്യുമായിരുന്നു എന്ന് ഇവർ ഖേദത്തോടെ പറയാറുണ്ടായിരുന്നു.

അതുപോലെതന്നെ ഇവരുടെ ഇളയമകൻ റിസ്വാൻ എഴുതുന്നു; ഇവർ ഒട്ടനവധി സൽഗുണങ്ങളുടെ ഉടമയായിരുന്നു. ഇവരുടെ വഫാത്ത് വിവരമറിഞ്ഞ് പണക്കാരും പാവപ്പെട്ടവരും ചെറിയവരും വലിയവരുമായ ആളുകളുടെ സന്ദേശങ്ങൾ വന്നുകൊണ്ടേയിരിക്കുകയാണ്; ഇവർ എങ്ങനെയാണ് എല്ലാവരിലേക്കും തന്റെ സ്നേഹം പകരുകയും വ്യക്തിപരമായ ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നതെന്ന് അതിൽ വ്യക്തമാക്കുന്നു. ഇവർ യാതൊരു കൃത്രിമത്വവുമില്ലാത്ത സ്വാഭാവിക പ്രകൃതമുള്ള ആളായിരുന്നു. സ്നേഹം നൽകുന്ന വ്യക്തിയായിരുന്നു, എല്ലാവരുടെയും ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. പ്രത്യേകിച്ചും ഏതെങ്കിലും കാരണത്താൽ വല്ല പ്രയാസത്തിലോ മുസീബത്തിലോ അകപ്പെടുന്ന ആളുകളെ ഇവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ബലഹീനരായവരുടെ കൂടെ ഇവർ എപ്പോഴും നിലകൊണ്ടു. ഞങ്ങളോടും, കുട്ടികളോടും ബലഹീനരായവരെ എപ്പോഴും സഹായിക്കണം എന്ന് ഇവർ ഉപദേശിക്കാറുണ്ടായിരുന്നു എന്ന് അദ്ദേഹം പറയുന്നു. ഇവരിൽ ഇച്ഛാശക്തിയും ധൈര്യവും വളരെ കൂടുതലായിരുന്നു.

ഇത് ഞാനും കണ്ടിട്ടുള്ളതാകുന്നു, മാശാ അല്ലാഹ്! ഇവർ വലിയ ധൈര്യശാലിയും ഇച്ഛാശക്തിയുള്ള ആളുമായിരുന്നു.

ലാഹോറിൽ ലജ്ന സദ്ർ ആയി സേവനമനുഷ്ഠിച്ചിട്ടുള്ള ഇവരുടെ സഹോദരി ഫൗസിയ ശമീം സാഹിബ പറയുന്നു; ഏതാനും വാക്കുകളിൽ വിവരിക്കുകയാണെങ്കിൽ, ഇവർ ത്യാഗം, ക്ഷമ, ധൈര്യം, സ്നേഹം എന്നിവയുടെ ഒരു പ്രതീകമായിരുന്നു എന്ന് ഞാൻ പറയും.

ഇവരുടെ മരുമകൾ അമതുൽ വകീൽ പറയുന്നു; ഇവരുടെ അതിഥി സൽക്കാരമെന്ന ഗുണം വളരെ പ്രകടമായിരുന്നു. എല്ലാ കുട്ടികളും മറ്റ് ആളുകളും ഇവരുടെ അതിഥി സൽക്കാര രീതി യാതൊരു തടസ്സങ്ങളുമില്ലാത്തതായിരുന്നു (ലളിതമായിരുന്നു) എന്ന് എഴുതുന്നു. അവസാന കാലത്ത് ഇവർ താഴെ വീഴുകയുണ്ടായി. ഇവരുടെ ഇടുപ്പിന് പരിക്കേൽക്കുകയും ചെയ്തിരുന്നു. വീൽചെയറിലായിപ്പോയിരുന്നുവെങ്കിലും അതീവ ക്ഷമയോടും നന്ദിയോടും കൂടിയാണ് രോഗകാലം ചെലവഴിച്ചത്, ഒരിക്കൽ പോലും ചെറിയൊരു പരാതി പോലും പറഞ്ഞിരുന്നില്ല. ഇവർ വലിയ ധൈര്യശാലിയായ ഒരു രോഗിയായിരുന്നുവെന്നും ഞങ്ങളെ ഒരിക്കലും ബുദ്ധിമുട്ടിച്ചിരുന്നില്ലെന്നും അവർ പറയുന്നു.

ഇവരുടെ പേരമകൾ ഖദീജ പറയുന്നു; അതിഥി സൽക്കാര ബന്ധത്തെക്കുറിച്ച് അവർ എഴുതിയിട്ടുണ്ട്. എങ്കിലും ഇവർ സ്നേഹം നൽകുകയും കാരുണ്യം ചൊരിയുകയും ചെയ്യുന്ന മഹതിയായി രുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാസത്തിൽ രണ്ട് മൂന്ന് തവണയൊക്കെ ഖുർആൻ കരീം ഓതി തീർക്കുമായിരുന്നു. പാവപ്പെട്ടവരോട് വലിയ സഹതാപമുള്ള ആളായിരുന്നു. പാവപ്പെട്ടവർക്കായി ദുആ ചെയ്യണമെന്ന് ഞങ്ങളോടും ഇവർ ഉപദേശിക്കാറുണ്ടായിരുന്നു.

ഇവരുടെ സഹോദരിപുത്രിയുടെ മകൾ അസീസ നേഹ ഇവിടെയാണ് താമസിക്കുന്നത്. അവർ പറയുന്നു; ഇവർ എല്ലാ അവസ്ഥയിലും പോസിറ്റീവ് ചിന്താഗതി പുലർത്തിയിരുന്നു. ജീവിതത്തിലെ ഓരോ നിമിഷത്തെയും വിലമതിച്ചിരുന്നു. വീട്ടിൽ ജോലി ചെയ്യുന്ന വേലക്കാരെ സ്വന്തം ആളുകളെപ്പോലെ വളരെ നന്നായി ശ്രദ്ധിച്ചിരുന്നു. ഏതായാലും ഇത് ഞാനും കണ്ടിട്ടുള്ളതാകുന്നു. ഈ പോസിറ്റീവ് ചിന്താഗതിയുടെ കാര്യം ഇപ്രകാരമാകുന്നു; പൊതുവെ മറ്റൊരാളെക്കുറിച്ച് വല്ല നെഗറ്റീവ് കാര്യങ്ങൾ പറയുന്നതിൽ നിന്നോ വികാരങ്ങളെ വേദനിപ്പിക്കുന്ന കാര്യങ്ങൾ പറയുന്നതിൽ നിന്നോ ഇവർ ഒഴിഞ്ഞുമാറി നിൽക്കുമായിരുന്നു. ആളുകളുടെ വികാരങ്ങളെ ഇവർ വളരെ അധികം മാനിച്ചിരുന്നു.

അവർ പറയുന്നു; ഒരു തവണ ഇവരുടെ വീട്ടിലെ ഒരു വേലക്കാരി കല്യാണം കഴിഞ്ഞ് വീട്ടിൽ നിന്ന് പടിയിറങ്ങിപ്പോയപ്പോൾ ഇവർ അതീവ ദു:ഖിതയായി. സ്വന്തം മക്കൾ പടിയിറങ്ങിപ്പോകുമ്പോൾ ആളുകൾ ദു:ഖിക്കുന്നത് പോലെ, ഇനി വീട്ടിൽ വെളിച്ചം കുറയുമല്ലോ എന്ന് കരുതിയാണ് ഇവർ സങ്കടപ്പെട്ടത്.

ചിലപ്പോൾ ആളുകളിൽ ഇത്തരം നന്മകൾ ഉണ്ടാകാറുണ്ട്, അവ പൊതുവെ ഒളിഞ്ഞു കിടക്കുകയായിരിക്കും; എന്നാൽ പിന്നീട് ആരോടാണോ ആ നന്മകൾ ചെയ്തത് അവരിലൂടെയാണ് ഇത് പുറത്തറിയുന്നത്. ഇവരും അത്തരം ആളുകളിൽ ഒരാളായിരുന്നു. അല്ലാഹു ഇവരോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ.

വിവ: അബൂ അത്വിയ

പേജ് 2 ൽ നിന്ന്

**200 തവണ സ്വലാത്ത് :**

(മുതിർന്നവർ 200 തവണ/15 മുതൽ 25 വയസ്സുവരെയുള്ളവർ (കുറഞ്ഞത്) 100 തവണ/കുട്ടികൾ 33 തവണ/ചെറിയ കുട്ടികൾ 3 മുതൽ 4 തവണ മാതാപിതാക്കൾക്കൊപ്പം)

سُبْحَانَ اللهِ وَبِحَمْدِهٖ سُبْحَانَ اللهِ الْعَظِيْمِ اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ

(അല്ലാഹു പരിശുദ്ധനാകുന്നു. സകല സ്തുതികളും അവനുള്ളതാകുന്നു. മഹത്വമുള്ളവനായ അല്ലാഹു പരിശുദ്ധനാകുന്നു. അല്ലാഹുവേ! തിരുനബി(സ)യുടെ മേലും തിരുനബി(സ)യുടെ കുടുംബത്തിനു മേലും നീ അനുഗ്രഹങ്ങൾ വർഷിക്കേണമേ.)

**100 തവണ ഇസ്തിഗ്ഫാർ**

اَسْتَغْفِرُ اللهَ رَبِّيْ مِنْ كُلِّ ذَنْبٍ وَّاَتُوْبُ اِلَيْهِ

(എന്റെ നാഥനായ അല്ലാഹുവിനോട് എന്റെ എല്ലാ പാപങ്ങളിൽ നിന്നും ഞാൻ പൊറുക്കലിനെ തേടുകയും അവനിലേക്ക് ഞാൻ ഖേദിച്ചുമടങ്ങുകയും ചെയ്യുന്നു.)

**100 തവണ താഴെ പറയുന്ന പ്രാർത്ഥന**

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ

(എന്റെ നാഥാ! എല്ലാ വസ്തുക്കളും നിന്റെ ദാസന്മാരാണ്. എന്റെ നാഥാ! അതിനാൽ എന്നെ നീ സംരക്ഷിക്കുകയും എന്നെ സഹായിക്കുകയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ.)

വ്യക്തിപരമായും കൂട്ടായും ഈ ആത്മീയ ഇരുമ്പുകോട്ടയിൽ പ്രവേശിക്കാൻ അല്ലാഹു നമ്മൾക്കെല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ)

പേജ് 11 ൽ നിന്ന്

നൂറ്റാണ്ടോടെ ഹദീസ് ഗ്രന്ഥങ്ങൾ നിലവിൽ വരികയും ചെയ്തു. തുടർന്ന് നിവേദനങ്ങളെ എഴുതി സംരക്ഷിക്കുക എന്നത് ഒരു സാധാരണ പ്രവൃത്തിയായി മാറി. നിവേദനങ്ങൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൈമാറുമ്പോൾ, നിവേദകർ തങ്ങളുടെ ലിഖിത രൂപങ്ങളെ വലിയ തോതിൽ ആശ്രയിക്കാൻ തുടങ്ങി.

എങ്കിലും, ഒരു ലിഖിത രൂപം ഉണ്ടെന്നതുകൊണ്ട് മാത്രം ഒരു നിവേദനം ആധികാരികമായി സ്വീകരിക്കാൻ കഴിയില്ല; വിശ്വസനീയമായ ഒരു വാചിക സാക്ഷ്യം കൂടി അതിനെ പിന്തുണയ്ക്കുന്നുണ്ടെങ്കിൽ മാത്രമേ അത് സാധ്യമാകൂ. അതുകൊണ്ടാണ് ഓരോ പരിഷ്കൃത രാജ്യത്തെയും നീതിന്യായ കോടതികൾ ലിഖിത രേഖകളെ സാധൂകരിക്കാൻ അധികമായി വാചിക സാക്ഷ്യം ആവശ്യപ്പെടുന്നത്. അതിനാൽ, സാധാരണയായി മുഹദ്ദിസീങ്ങൾ തങ്ങളുടെ ശേഖരങ്ങളിൽ വാചികമായതും ലിഖിതമായതുമായ നിവേദനങ്ങൾ തമ്മിൽ വേർതിരിവ് കാണിച്ചിട്ടില്ല. എന്നിരുന്നാലും, ഇന്ന് നിലവിലുള്ള ഹദീസ് ശേഖരങ്ങളുടെ വലിയൊരു ഭാഗം വാചികമായും ലിഖിത രേഖകളിലൂടെയും തലമുറകളിലൂടെയും നിവേദകരിൽ നിന്ന് നിവേദകരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണെന്നതിൽ തർക്കമില്ല. ഈ വാദത്തെ പിന്തുണയ്ക്കുന്നതിനായി, വിസ്താര ഭയത്താൽ ചുരുക്കം ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു. തിരുനബി(സ)യുടെ സ്വഹാബികൾക്കിടയിൽ നബി(സ)ന്റെ ഹദീസുകൾ എഴുതി സംരക്ഷിക്കുകയും പിന്നീട് ഈ ലിഖിത ശേഖരത്തിൽ നിന്ന് നിവേദനം ചെയ്യുകയും ചെയ്തിരുന്ന ഒരു വിഭാഗം ആളുകൾ ഉണ്ടായിരുന്നു എന്ന് തെളിയിക്കപ്പെട്ടാൽ, എഴുത്തുവിദ്യ പുരോഗമിക്കുകയും നിവേദനങ്ങൾ എഴുതുന്നതിന് എല്ലാവിധ സൗകര്യങ്ങളും ലഭ്യമാവുകയും ചെയ്ത കാലഘട്ടങ്ങളിലും ഈ രീതി തുടർന്നു എന്ന് അത് വ്യക്തമാക്കും. ഈ വിഷയത്തിൽ ഞങ്ങൾ എടുത്തുപറയാൻ ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഹദീസ്, തന്റെ വചനങ്ങൾ ഓർമ്മിക്കാൻ കഴിയാത്തവർ അവ എഴുതിവെച്ച് സംരക്ഷിക്കണമെന്ന് തിരുനബി(സ) തന്നെ നിർദ്ദേശിച്ചതാണ്.

തിർമിദിയിൽ ഇപ്രകാരം കാണാം:

عَنْ اَبِيْ هُرَيْرَةَ قَالَ كَانَ رَجُلٌ مِنَ الْاَنْصَارِ يَجْلِسُ اِلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَيَسْمَعُ مِنَ النَّبِيِّ
اَلْحَدِيْثَ وَلَا يَحْفَظُهٗ فَشَكَا ذَالِكَ اِلَى النَّبِيِّ فَقَالَ رَسُوْلُ اللهِ اِسْتَعِنْ بِيَدِهٖ لِلْخَطِّ بِيَمِيْنِكَ

ഹദ്റത്ത് അബൂ ഹുറൈറ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ ഒരു അൻസാരി തിരുനബി(സ)യുടെ അടുക്കൽ വന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്(സ)!, ഞാൻ അങ്ങയുടെ വചനങ്ങൾ കേൾക്കാറുണ്ട്, എന്നാൽ അവ ഓർമ്മിച്ചുവെക്കാൻ എനിക്ക് കഴിയുന്നില്ല.' അപ്പോൾ തിരുനബി(സ) പ്രതികരിച്ചു: 'നിന്റെ വലതു കൈകൊണ്ട് ഞാൻ പറയുന്നത് എഴുതിയെടുക്കുക. (തിർമിദി, *Abwābul-'Ilm, Bābu Mā Jā'a fir-Rukhṣati fihi, Ḥadīth No. 2666*) (തുടരും)

www.alislam.org

പേജ് 12 ൽ നിന്ന്

വയറിളക്കമുണ്ടായി, എന്നാൽ ഇത്തവണ ശൗചാലയത്തിലേക്ക് പോകാൻ പോലും കഴിയാത്രത ക്ഷീണമുണ്ടായിരുന്നു. അതിനാൽ ഞാൻ കട്ടിലിനടുത്ത് തന്നെ സൗകര്യമൊരുക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവിടെയിരുന്ന് കാര്യം നിർവ്വഹിച്ച് വീണ്ടും വന്ന് കിടന്നു, ഞാൻ കാൽ തടവിക്കൊണ്ടിരുന്നു. എന്നാൽ ക്ഷീണം വല്ലാതെ കൂടിയിരുന്നു. അതിനുശേഷം വീണ്ടും വയറിളക്കമുണ്ടാകുകയും ഛർദ്ദിക്കുകയും ചെയ്തു. ഛർദ്ദിച്ചതിന് ശേഷം കിടക്കാൻ നോക്കുമ്പോൾ, ആ ക്ഷീണം കാരണം മലർന്ന് കട്ടിലിലേക്ക് വീഴുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തല കട്ടിലിന്റെ തടിയിൽ ഇടിക്കുകയും ചെയ്തു. നില തീർത്തും വഷളായി. അപ്പോൾ ഞാൻ പരിഭ്രമത്തോടെ ചോദിച്ചു, 'അല്ലാഹുവേ, ഇതെന്താണ് സംഭവിക്കാൻ പോകുന്നത്?' അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'ഇത് ഞാൻ എപ്പോഴും പറഞ്ഞിരുന്ന കാര്യം തന്നെയാണ്.' ഈ വിനീതൻ ഉമ്മയോട് ചോദിച്ചു, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണ് ഉദ്ദേശിച്ചതെന്ന് ഉമ്മായ്ക്ക് മനസ്സിലായിരുന്നോ? ഉമ്മ പറഞ്ഞു, 'അതെ.' തുടർന്നു പറഞ്ഞു: അവസ്ഥ വഷളാകുകയും ക്ഷീണം വർദ്ധിക്കുകയും ചെയ്തപ്പോൾ ഞാൻ ചോദിച്ചു, മൗലവി സാഹിബിനെ (ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്) വിളിക്കട്ടെ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'വിളിച്ചോളൂ', ഒപ്പം പറഞ്ഞു, 'മഹ്മൂദിനെയും വിളിച്ചുണർത്തുക.' അപ്പോൾ ഞാൻ ചോദിച്ചു, മുഹമ്മദ് അലി ഖാനെ, അതായത് നവാബ് സാഹിബിനെ വിളിക്കട്ടെ? ഉമ്മപറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിന് മറുപടി നൽകിയോ, അതോ ഇല്ലയോ എന്ന് എനിക്ക് ഓർമ്മയില്ല, നൽകിയെങ്കിൽ തന്നെ എന്താണെന്നും ഓർക്കുന്നില്ല.

എന്റെ വിശകലനം: മരണരോഗ സമയത്ത് തിരുനബി(സ)ക്കും കഠിനമായ വേദനയും അങ്ങേയറ്റത്തെ അസ്വസ്ഥതയും പരിഭ്രമവും ബുദ്ധിമുട്ടും അനുഭവപ്പെട്ടിരുന്നതായി ഹദീസുകളിൽ വന്നിട്ടുണ്ട്. അതുപോലെത്തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ക്കും മരണസമയത്ത് ഏറെക്കുറെ ഇതേ അവസ്ഥ തന്നെയായിരുന്നുവെന്ന് നാം കണ്ടു. ഈ കാര്യം വിവരമില്ലാത്ത ആളുകൾക്ക് അതിശയകരമായി തോന്നിയേക്കാം. കാരണം, സൂഫികളുടെയും ഔലിയാക്കളുടെയും മരണം വളരെ സമാധാനത്തോടെയും ശാന്തതയോടെയുമാണ് സംഭവിക്കുന്നതെന്ന് അവർ കേൾക്കുകയും കാണുകയും ചെയ്യുന്നു. എന്നാൽ യാഥാർഥ്യമെന്തെന്നാൽ; ഒരു പ്രവാചകൻ മരണമടയുമ്പോൾ, ആ പ്രവാചകന്റെ സമുദായത്തോടുള്ള എല്ലാ ഉത്തരവാദിത്തങ്ങളും പ്രവാചകന്റെ മുന്നിലുണ്ടാകും, അവരുടെ ഭാവിയെക്കുറിച്ചുള്ള ചിന്തകൾ കൂടുതൽ അലട്ടുകയും ചെയ്യും. മരണം എന്നത് മനുഷ്യൻ അതിലൂടെ കടന്ന് അല്ലാഹുവിന്റെ സന്നിധിയിൽ നിൽക്കേണ്ട ഒരു കവാടമാണെന്ന് ലോകത്തിലെ മറ്റാരെക്കാളും ഒരു പ്രവാചകൻ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു . അതിനാൽ പ്രിയപ്പെട്ടവനുമായുള്ള സമാഗമത്തിന്റെ സമയം അടുത്തുവെന്നത് പ്രവാചകനെ സന്തോഷിപ്പിക്കുമെങ്കിലും, തന്റെ വലിയ ഉത്തരവാദിത്തബോധവും സമുദായത്തിന്റെ ഭാവിയെക്കുറിച്ചുള്ള ചിന്തയും അദ്ദേഹത്തെ അസാധാരണമായ വേദനയിലാഴ്ത്തുന്നു. എന്നാൽ സൂഫികളും ഔലിയാക്കളും ഇത്തരം ചിന്തകളിൽ നിന്ന് മുക്തരാണ്. അവർക്ക് അവരുടെ സ്വന്തം ജീവന്റെ ഭാരം മാത്രമേയുള്ളൂ, എന്നാൽ പ്രവാചകന്മാർക്ക് ആയിരക്കണക്കിനും ലക്ഷക്കണക്കിനും കോടിക്കണക്കിനും മനുഷ്യരുടെ ഭാരമുണ്ട്. അതുകൊണ്ട് തന്നെ വ്യത്യാസം വ്യക്തമാണ്.

(ഈ വിവരണത്തിൽ ഉമ്മ പരാമർശിച്ചിരിക്കുന്നത്, തന്റെ പരിഭ്രമം കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് 'ഇത് ഞാൻ എപ്പോഴും പറഞ്ഞിരുന്ന കാര്യം തന്നെയാണ്' എന്നാണ്. ഇതെക്കുറിച്ച് ഞാൻ ഉമ്മയോട് എന്താണ് ഉദ്ദേശിച്ചതെന്ന് ചോദിച്ചപ്പോൾ ഉമ്മ പറഞ്ഞു: 'എന്റെ മരണസമയം അടുത്തു എന്ന് ഞാൻ പറഞ്ഞിരുന്നതുപോലെ ആ വാഗ്ദത്ത സമയം ഇപ്പോൾ വന്നെത്തിയിരിക്കുന്നു എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിച്ചത്.' ആ വാക്കുകളിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിക്ക് ഒരുതരം ആശ്വാസം നൽകുകയായിരുന്നുവെന്നും ഉമ്മ പറയുകയുണ്ടായി. പരിഭ്രമിക്കാൻ ഒന്നുമില്ല, കാരണം ഞാൻ അല്ലാഹുവിൽ നിന്നും അറിവ് ലഭിച്ച് പറഞ്ഞിരുന്ന നിശ്ചിത സമയമാണിത്. അല്ലാഹുവിന്റെ ഈ വാഗ്ദാനം നിറവേറ്റപ്പെടുന്നതുപോലെ, എനിക്ക് ശേഷമുള്ള അല്ലാഹുവിന്റെ സഹായം തുടങ്ങിയവയെക്കുറിച്ചുള്ള മറ്റ് വാഗ്ദാനങ്ങളും നിറവേറ്റപ്പെടും, അല്ലാഹു നിങ്ങളെല്ലാവരെയും സംരക്ഷിക്കും. (തുടരും)

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**കോഴ്സുകൾ: 1. മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്), 2. ഷോർട്ട് ടേം മുഅല്ലിം കോഴ്സ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്വ്‌രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യയിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്‌ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്‌ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ** :

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മനഃപാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.


വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:

Email: qdnwaqfenau@gmail.com
WAQFENAUDEPARTMENT (NAZARATTALEEM)
DarulBalagh, CIVILLINE, QADIAN
DISTT: GURDASPUR, PUNJAB (INDIA) PIN: 143516
CONTACT: 01872500975

(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

• ഹദീഥുന്നബവ്വി ﷺ •




മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.

(ബുഖാരി 23:77)

ത്വാലിബെ ദുആ
SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബവ്വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.




tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

പേജ് 1 ൽ നിന്ന്

## തഫ്സീർ കബീറിൽ നിന്ന്:

دیدار گر نہیں ہے تو گفتار ہی سہی حُسن و جمالِ یار کے آثار ہی سہی

അതായത്, പ്രിയപ്പെട്ടവനെ കാണാൻ കഴിയുന്നില്ലെങ്കിൽ അവന്റെ ശബ്ദമെങ്കിലും കേൾക്കട്ടെ, പ്രേമഭാജനത്തിന്റെ സൗന്ദര്യത്തിന്റെ എന്തെങ്കിലും അടയാളമെങ്കിലും ആകട്ടെ!

ചുരുക്കത്തിൽ റബ്ബ്, റഹ്മാൻ, റഹീം, മാലിക് യൗമിദ്ദീൻ, സത്താർ, ഗഫ്ഫാർ, ഖുദ്ദൂസ്, മുഹൈമിൻ, സലാം, ജബ്ബാർ, ഖഹ്ഹാർ തുടങ്ങിയ അല്ലാഹുവിന്റെ വിശേഷണങ്ങളെ നാം നമ്മുടെ മനസ്സിൽ ഉറപ്പിക്കുമ്പോൾ, അല്ലാഹുവിന്റെ ഒരു ചിത്രം നമ്മുടെ മുന്നിൽ തെളിഞ്ഞുവരുന്നു. അതിന്റെ ഫലമായി നമ്മുടെ ഹൃദയങ്ങളിൽ അവനോടുള്ള സ്നേഹം ജനിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കുന്നതിലൂടെയും നിരന്തരം ഉരുവിടുന്നതിലൂടെയും അല്ലാഹുവിന്റെ ഒരു ചിത്രം രൂപപ്പെടുന്നു, ആ ചിത്രം കാരണമാണ് നമ്മുടെ ഹൃദയത്തിൽ സ്നേഹം ഉണ്ടാകുന്നത്. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്; കുട്ടികളുടെ ഹൃദയങ്ങളിൽ തങ്ങളുടെ മാതാപിതാക്കളെ കാണാനുള്ള തീവ്രമായ ആഗ്രഹം ഉണ്ടാകുന്നതുപോലെ, നിങ്ങൾക്കും അല്ലാഹുവുമായി അത്തരത്തിലുള്ള ഒരു ആത്മീയ ബന്ധം ഉണ്ടായിരിക്കണം. അതായത് നിങ്ങളുടെ സമാധാനവും സ്വസ്ഥതയും അല്ലാഹുവുമായി മാത്രം ബന്ധപ്പെട്ടിരിക്കണം. കാരണം നിങ്ങളുടെ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനം അതിലാണ് നിലകൊള്ളുന്നത്.

ഹജ്ജിന് ശേഷം അല്ലാഹുവിന്റെ ദിക്റിലേക്ക് (സ്മരണയിലേക്ക്) ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സൂചിപ്പിച്ചതും ഇതാണ്; നിങ്ങൾക്ക് ഇപ്പോൾ അല്ലാഹുവുമായി ഒരു ആത്മീയ ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, ഒരു കുട്ടി തന്റെ മാതാപിതാക്കളുടെ കാരുണ്യത്തിന്റെ തണലിൽ തന്റെ ജീവിത ദിനങ്ങൾ കഴിച്ചുകൂട്ടുകയും അവരുടെ സ്വഭാവഗുണങ്ങളും ശീലങ്ങളും തന്നിൽ വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതുപോലെ, നിങ്ങളും അല്ലാഹുവിന്റെ ഗുണവിശേഷങ്ങളുടെ കണ്ണാടിയായി മാറുക, അവന്റെ കാരുണ്യത്തിന്റെ തണലിൽ നിങ്ങളുടെ ജീവിത ദിനങ്ങൾ കഴിച്ചുകൂട്ടുക.

തുടർന്ന് പറയുന്നു: أَوْ أَشَدَّ ذِكْرًا (അല്ലെങ്കിൽ അതിനെക്കാൾ ശക്തമായ സ്മരണ). നാം ആദ്യം നിങ്ങൾക്ക് നൽകിയ നിർദ്ദേശം, നിങ്ങളുടെ പിതാമഹന്മാരെ സ്മരിക്കുന്നതുപോലെ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക എന്നാണ്. എന്നാൽ നമ്മുടെ ഈ കൽപ്പന ആത്മീയതയിൽ ഇതുവരെ ഉന്നത പദവിയിൽ എത്തിയിട്ടില്ലാത്ത ആളുകൾക്ക് മാത്രമുള്ളതാണ്. അല്ലാത്തപക്ഷം, മാതാപിതാക്കളോടുള്ള സ്നേഹത്തിൽ പോലും അല്ലാഹുവിന്റെ സ്നേഹത്തിന്റെ കരം മറഞ്ഞിരിക്കുന്നതായി കാണുന്നവരും അല്ലാഹുവുമായുള്ള ബന്ധത്തിന് മുന്നിൽ മാതാപിതാക്കളുമായുള്ള ബന്ധത്തെ തീർത്തും നിസ്സാരമായി കാണുന്നവരുമായ ആളുകൾ; അവർ അല്ലാഹുവിനെ അത്തരമൊരു ശൈലിയിൽ സ്മരിക്കേണ്ടതാണ്, ഭൗതിക ബന്ധങ്ങളിൽ അതിന് യാതൊരു ഉദാഹരണവും കാണാൻ കഴിയാത്ത വിധത്തിൽ! അതിന് മുന്നിൽ മാതാപിതാക്കളുടെ സ്മരണ പൂർണ്ണമായും നിസ്സാരമായിത്തീരുകയും വേണം.

*(തഫ്സീർ കബീർ, ഭാഗം: 2, സൂറ: അൽബഖറ സൂക്തം 201)*

**മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്**

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

### • ഹദീഥുന്നബ്‌വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

പേജ് 1 ൽ നിന്ന്

## ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ ഇതിന്റെ പൊതുവായ അർത്ഥം അല്ലാഹുവിന്റെ ദിക്ർ കൊണ്ട് ഹൃദയങ്ങൾ സമാധാനം പ്രാപിക്കുന്നു എന്നാണ്. എന്നാൽ ഇതിന്റെ യാഥാർത്ഥ്യവും തത്ത്വവും ഇപ്രകാരമാകുന്നു; ഒരാൾ ആത്മാർത്ഥതയോടും പൂർണ്ണമായ കൂറോടും കൂടി അല്ലാഹുവിനെ സ്മരിക്കുകയും എപ്പോഴും താൻ അവന്റെ മുന്നിലാണെന്ന് ഉറച്ചു വിശ്വസിക്കുകയും ചെയ്യുമ്പോൾ, അതിലൂടെ അവന്റെ ഹൃദയത്തിൽ അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ചുള്ള ഭയം സൃഷ്ടിക്കപ്പെടുന്നു. ആ ഭയം അവനെ വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്നും വിലക്കപ്പെട്ടവയിൽ നിന്നും സംരക്ഷിക്കുന്നു. കൂടാതെ അയാൾ ഭയഭക്തിയിലും വിശുദ്ധിയിലും പുരോഗമിക്കുന്നു. അല്ലാഹുവിന്റെ മലക്കുകൾ അവനിൽ ഇറങ്ങുകയും അവന് സന്തോഷവാർത്തകൾ നൽകുകയും അവനായി ഇൽഹാമിന്റെ വാതിൽ തുറക്കപ്പെടുകയും ചെയ്യുന്നതുവരെ ഇത് തുടരുന്നു. ആ സമയത്ത് അവൻ അല്ലാഹുവിനെ കാണുന്നതുപോലെയാകുകയും അവന്റെ അതീന്ദ്രിയമായ ശക്തികളെ ദർശിക്കുകയും ചെയ്യുന്നു. പിന്നെ അവന്റെ ഹൃദയത്തിൽ യാതൊരു ദു:ഖത്തിനും സങ്കടത്തിനും കടന്നുവരാൻ കഴിയില്ല. മനസ്സ് എപ്പോഴും സന്തോഷത്തിലും ആഹ്ലാദത്തിലും നിലകൊള്ളുകയും ചെയ്യുന്നു.

*(അൽ ഹകം, ഭാഗം: 9 നമ്പർ 32, തിയതി 10 സെപ്റ്റംബർ 1905 പേജ് 2) (അവലംബം: തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഭാഗം: 2, പേജ് നമ്പർ 91,92)*

**ലജ്ന ഇമാഇല്ലാഹ് ഭാരത്**

## ദേശീയ ഇജ്തിമാഅ്

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് **2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)** തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

### • ഹദീഥുന്നബ്‌വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് എം.എ
സീറത്തുന്നബി(സ)
വിവ: അബൂസ്വബാഹ്

# ദിരായത്തിന്റെ (Dirâyat)
## ആദ്യകാല ഉദാഹരണങ്ങൾ

ഈ ഹദീസ് ദിരായത്ത് ഉപയോഗിച്ചതിന്റെ സ്പഷ്ടമായ ഉദാഹരണമാണ്. ഹദ്റത്ത് ഉമർ(റ)നെപ്പോലെയുള്ള ഒരു പ്രമുഖൻ നിവേദനം ചെയ്ത കാര്യത്തെ ഹദ്റത്ത് ആഇശ(റ) തള്ളിക്കളയുന്നത്, പകരം മറ്റൊരു നിവേദനം മുന്നോട്ടുവെച്ചുകൊണ്ട് മാത്രമല്ല, മറിച്ച് വിശുദ്ധ ഖുർആനിൽ നിന്നുള്ള യുക്തിഭദ്രമായ തെളിവുകൾ നിരത്തിക്കൊണ്ടുകൂടിയാണ്. ഇവിടെ ഹദ്റത്ത് ആഇശ(റ)യാണോ അതോ ഹദ്റത്ത് ഉമർ(റ) ആണോ ശരിയെന്നത് ചർച്ചാവിഷയമല്ല; മുസ്‌ലിം ഗവേഷകർ കേവലം രിവായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഹദീസുകൾ സ്വീകരിച്ചിരുന്നതെന്ന ആരോപണം പൂർണ്ണമായും തെറ്റാണെന്ന് തെളിയിക്കുക മാത്രമാണ് ഇതിന്റെ ലക്ഷ്യം. മുസ്‌ലിം ഗവേഷകർ ദിരായത്തിന്റെ തത്വം ധാരാളമായി ഉപയോഗിച്ചിരുന്നുവെന്നും, അല്ലാഹു നൽകിയ ബുദ്ധിശക്തി ഉപയോഗിച്ച് നിവേദനങ്ങളെ വിലയിരുത്തിയ ശേഷമേ അവ ആധികാരികമായി സ്വീകരിച്ചിരുന്നുള്ളൂ എന്നതുമാണ് യാഥാർത്ഥ്യം. ഈ കാരണത്താലാണ് ഏറ്റവും വലിയ സ്വഹാബികൾക്കിടയിൽ പോലും ഇത്തരം അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായത്.

### ദിരായത്തിന്റെ ദുർബല വശങ്ങൾ

മേൽപറഞ്ഞ നാല് ഉദാഹരണങ്ങൾ വെറുമൊരു സൂചന മാത്രമാണ്. എന്നിരുന്നാലും, ഇസ്‌ലാമിക ചരിത്രത്തിലുടനീളം ഇത്തരത്തിലുള്ള ധാരാളം ഉദാഹരണങ്ങൾ കണ്ടെത്താൻ സാധിക്കും. തിരുനബി(സ)യുടെ നാല് പ്രമുഖ സ്വഹാബികളുടെ നടപടികൾ ഇതിൽ ഉൾപ്പെടുന്നു. ഇസ്‌ലാമിന്റെ ആദ്യഘട്ടം മുതൽക്കേ, രിവായത്തിനോടൊപ്പം ദിരായത്തിന്റെ തത്വവും പരിഗണിക്കപ്പെട്ടിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. എല്ലാ ഹദീസുകളുടെയും ആധികാരികത പരിശോധിക്കുന്നതിനായി മുസ്‌ലിം ഗവേഷകർ ദിരായത്തിന്റെ തത്വങ്ങൾ പൂർണ്ണ സ്വാതന്ത്ര്യത്തോടും സത്യസന്ധതയോടും കൂടി ഉപയോഗിച്ചിട്ടുണ്ട്. തുടർന്നുള്ള തലമുറകളിലും സമാനമായ ഉദാഹരണങ്ങൾ കാണാൻ സാധിക്കും. എന്നാൽ, ഈ വിഷയം അനാവശ്യമായി നീട്ടിക്കൊണ്ടുപോകാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. നൽകിയിട്ടുള്ള തെളിവുകൾ തന്നെ ഒരു വിവേകമുള്ള വ്യക്തിയെ തൃപ്തിപ്പെടുത്താൻ പര്യാപ്തമാണ്. ഏതായാലും, സർ വില്യം മുയറും അദ്ദേഹത്തെപ്പോലെയുള്ളവരും ഉന്നയിക്കുന്ന ആരോപണം, മുസ്‌ലിം ഗവേഷകർ ദിരായത്തിന്റെ തത്വത്തെ പൂർണ്ണമായും അവഗണിച്ച് രിവായത്തിനെ മാത്രം പരിഗണിച്ചു എന്നത്, തികച്ചും തെറ്റും അടിസ്ഥാനരഹിതവുമാണ്. എന്നാൽ, എതിർക്കുന്നവരുടെ ഉദ്ദേശ്യം, ഓരോ സന്ദർഭത്തിലും ദിരായത്തിന്റെ തത്വത്തിന് മുൻഗണന നൽകണം എന്നാണെങ്കിൽ, അതായത് ഒരു ഹദീസ് രിവായത്തിന്റെ അടിസ്ഥാനത്തിൽ സുശക്തവും ആധികാരികവുമാണെങ്കിൽ പോലും, ദിരായത്തിന്റെ മാനദണ്ഡപ്രകാരം അത് കുറഞ്ഞ നിലവാരമുള്ളതാണെങ്കിൽ തള്ളിക്കളയണം എന്നാണെങ്കിൽ, അത്തരമൊരു വിശ്വാസം തെറ്റാണെന്ന് മാത്രമല്ല, അത് വൈജ്ഞാനിക പുരോഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യും.

ദിരായത്തിന്റെ ഗുണങ്ങൾ എന്തുതന്നെയായാലും, അതുമായി ബന്ധപ്പെട്ട് രണ്ട് മാരകമായ പോരായ്മകളുണ്ട്. ഒന്നാമതായി, ഇതിന് യുക്തിയുമായി ബന്ധമുണ്ട്, ഇത് ഓരോ വ്യക്തിക്കും വ്യത്യസ്തമായിരിക്കും, അതിനാൽ തന്നെ അഭിപ്രായവ്യത്യാസങ്ങൾക്ക് ഇവിടെ വലിയ സാധ്യതയുണ്ട്. രണ്ടാമതായി, ദിരായത്തിന്റെ അടിത്തറ പ്രധാനമായും ഒരാളുടെ മുൻകാല അനുഭവങ്ങളെയും അറിവിനെയും ആശ്രയിച്ചാണ് ഇരിക്കുന്നത്. ഈ രണ്ട് ഘടകങ്ങളും ദിവസവും മാറിക്കൊണ്ടിരിക്കുന്നതിനാൽ, അവിടെ എപ്പോഴും മാറ്റങ്ങൾക്കും പുരോഗതിക്കും സാധ്യതയുണ്ട്. ഈ കാരണങ്ങളാൽ, ദിരായത്തിന്റെ തത്വത്തെ അമിതമായി ആശ്രയിക്കുന്നത് വ്യക്തമായ അപകടങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന് ഒരു ബുദ്ധിമാനും നിഷേധിക്കാനാവില്ല. ഉദാഹരണത്തിന്, ഒരാൾ ഒരു ഹദീസ് വിശുദ്ധ ഖുർആനിലെ ഒരു വചനത്തിന് വിരുദ്ധമാണെന്ന കാരണത്താൽ ദിരായത്തിന്റെ അടിസ്ഥാനത്തിൽ തള്ളിക്കളഞ്ഞേക്കാം. എന്നാൽ, മറ്റൊരു വ്യക്തിക്ക് ആ ഹദീസ് വിശുദ്ധ ഖുർആനിന് വിരുദ്ധമായി തോന്നുകയേ ഇല്ലായിരിക്കാം, അവർ രണ്ടിനെയും ബുദ്ധിപരമായ വ്യാഖ്യാനത്തിലൂടെ സമന്വയിപ്പിക്കുകയും ചെയ്തേക്കാം.

ഒരുപക്ഷേ, തെളിയിക്കപ്പെട്ട ഒരു വസ്തുതയ്ക്ക് വിരുദ്ധമാണെന്ന കാരണത്താൽ ഒരാൾ ഒരു ഹദീസ് തള്ളിക്കളഞ്ഞേക്കാം. എന്നാൽ, ഒരാൾ തെളിയിക്കപ്പെട്ട വസ്തുതയായി കരുതുന്നത് മറ്റുള്ളവർക്ക് അങ്ങനെയല്ലാതിരിക്കാനും സാധ്യതയുണ്ട്. കൂടാതെ, വ്യക്തിപരമായ അനുഭവങ്ങൾക്കോ നിരീക്ഷണങ്ങൾക്കോ വിരുദ്ധമാണെന്ന കാരണത്താൽ ഒരാൾ ഒരു ഹദീസ് തള്ളിക്കളയാനും സാധ്യതയുണ്ട്. എന്നാൽ, വിശാലമായ അനുഭവങ്ങളും നിരീക്ഷണങ്ങളും ഉള്ള ഒരാൾക്ക് ആ ഹദീസ് ഒട്ടും അസ്വാഭാവികമായി തോന്നണമെന്നില്ല. അതിനാൽ, ഈ ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാകുന്നത്, ദിരായത്തിനെ മാത്രം പൂർണ്ണമായി ആശ്രയിക്കുന്നത് തത്വത്തിൽ തെറ്റാണെന്ന് മാത്രമല്ല, അത് വൈജ്ഞാനിക പുരോഗതിക്ക് വലിയൊരു തടസ്സവുമാണ്. കൂടാതെ തങ്ങളുടെ അപര്യാപ്തമായ അറിവ്, പരിമിതമായ അനുഭവങ്ങൾ, ചെറിയ നിരീക്ഷണങ്ങൾ, ദുർബലമായ യുക്തി എന്നിവ ഉപയോഗിച്ച് ലോകത്തിലെ എല്ലാ കാര്യങ്ങളെയും അളക്കാൻ ആഗ്രഹിക്കുന്നവരാണ് ദിരായത്തിന് അമിതമായ പ്രാധാന്യം നൽകുന്നത്. വൈജ്ഞാനിക പുരോഗതിക്ക് ഈ വീക്ഷണം മാരകമായ വിഷത്തേക്കാൾ കുറവല്ലെന്ന് ഏതൊരു വ്യക്തിക്കും എളുപ്പത്തിൽ മനസ്സിലാക്കാം. സർ വില്യം മുയറും അദ്ദേഹത്തെപ്പോലെയുള്ളവരും ആഗ്രഹിച്ചതുപോലെ ആദ്യകാല മുസ്‌ലിം മുഹദ്ദിസീങ്ങളും ചരിത്രകാരന്മാരും ദിരായത്തിന് അമിതമായി പ്രാധാന്യം നൽകിയിരുന്നെങ്കിൽ, തിരുനബി(സ)യെ സംബന്ധിച്ച് ഇന്ന് നമുക്ക് ലഭ്യമായ അറിവിന്റെ വലിയ ശേഖരം തീർച്ചയായും നഷ്ടപ്പെടുമായിരുന്നു. കാരണം, പല എഴുത്തുകാരും തങ്ങളുടെ യുക്തിക്ക് വിരുദ്ധമാണെന്ന് കരുതി പല ഹദീസുകളും തള്ളിക്കളയുമായിരുന്നു, എന്നാൽ അവ ഒട്ടും വിരുദ്ധമല്ലായിരിക്കാനും സാധ്യതയുണ്ട്. അതിനാൽ, മുമ്പ് പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാതിരുന്ന കാര്യങ്ങൾ ഇപ്പോൾ എളുപ്പത്തിൽ ഗ്രഹിക്കാൻ സാധിക്കുന്നു എന്നത് പ്രായോഗികമായി കാണാവുന്നതാണ്. അതിനാൽ, ആദ്യകാല മുസ്‌ലിം എഴുത്തുകാർ സ്വീകരിച്ചതാണ് ശരിയായതും ഉറച്ചതുമായ തത്വം. അവർ രിവായത്തിന്റെ തത്വത്തിന് മേലാണ് അടിത്തറ കെട്ടിപ്പൊക്കിയത്. എങ്കിലും രിവായത്തിനെ ബലപ്പെടുത്താൻ അവർ ചില സന്ദർഭങ്ങളിൽ ദിരായത്തിനെ ഉപയോഗിച്ചിട്ടുമുണ്ട്. ഇതിന്റെ ഫലമായി, അവർ വലിയൊരു ഹദീസ് ശേഖരം നമുക്ക് നൽകി. ഇപ്പോൾ, രിവായത്തിന്റെയും ദിരായത്തിന്റെയും തത്വങ്ങൾക്കനുസൃതമായി ഈ നിധി പരിശോധിക്കുകയും അങ്ങനെ ആധികാരികമായ ഹദീസുകളെ ദുർബലമായവയിൽ നിന്ന് വേർതിരിച്ചെടുക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

### നിവേദനങ്ങളുടെ എഴുത്തു പ്രതികൾ

രിവായത്തിന്റെ തത്വം അനുസരിച്ച്, ഒരു നിവേദനം എഴുതപ്പെടണം എന്ന് നിർബന്ധമില്ല. മാത്രമല്ല, ഇസ്‌ലാമിക നിവേദനങ്ങളുടെ വലിയൊരു ഭാഗം (ഇസ്‌ലാമിന്റെ ആദ്യകാലഘട്ടത്തിലെങ്കിലും) വാമൊഴിയായി മാത്രം തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടവയായിരുന്നു. മറുവശത്ത്, ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഹദീസുകൾ കേൾക്കുമ്പോഴോ അവ തങ്ങളിലേക്ക് എത്തുമ്പോഴോ ഉടൻ തന്നെ അവ എഴുതിവെക്കുക എന്നത് നിവേദകരുടെ പതിവായിരുന്നു എന്നതും ഒരു വസ്തുതയാണ്. അവർ ഈ നിവേദനങ്ങൾ മറ്റുള്ളവർക്ക് ഈ എഴുതിവെച്ച കുറിപ്പുകളിൽ നിന്നാണ് കൈമാറിയിരുന്നത്. തൽഫലമായി, ഇത്തരം നിവേദനങ്ങൾക്ക് കൂടുതൽ ശക്തിയും ആധികാരികതയും ലഭിച്ചു. തിരുനബി(സ)യുടെ സ്വഹാബികൾക്കിടയിലും തുടർന്നുള്ള തലമുറകളിലും ഇത്തരത്തിലുള്ള ആളുകളെ കണ്ടെത്താൻ സാധിക്കുമായിരുന്നു. വാസ്തവത്തിൽ, ക്രിയാത്മകമായ പുരോഗതിയിലൂടെ അറിവ് വികസിക്കുകയും എഴുത്തുവിദ്യ വ്യാപിക്കുകയും ചെയ്തതോടെ, ഇത്തരക്കാരുടെ എണ്ണം വർദ്ധിച്ചു. പിൽക്കാല തലമുറകളിൽ, നിവേദനങ്ങൾ എഴുത്തുരൂപം പ്രാപിക്കുകയും ഹിജ്റ രണ്ടാം

ശേഷം പേജ് 8 ൽ

• ഹദീഥുന്നബ്‌വി ﷺ •
"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)
www.akhbarbadr.in

[redacted]
badarmalayalam@gmail.com
Layout: HA Creative Graphics

[redacted]
BADAR [redacted]
Vol-11
Issue:23
POSTAL REG NO GDP-44/2026-28 **Thursday 05 June 2026**

ACT. MANAGER
ATHAR AHMAD SHAMIM
[redacted] +91 9815639670
[redacted]

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

**സീറത്തുൽ മഹ്ദി(അ)**

വിവ: എ.നാസിർ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അന്ത്യ നിമിഷങ്ങൾ

എന്റെ ഉമ്മ എന്നോട് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) അവസാനത്തെ രോഗത്താൽ കിടപ്പിലാകുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നില ഗുരുതരമാകുകയും ചെയ്തപ്പോൾ, ഞാൻ പരിഭ്രമത്തോടെ ചോദിച്ചു, 'അല്ലാഹുവേ, ഇതെന്താണ് സംഭവിക്കാൻ പോകുന്നത്?' അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'ഇത് ഞാൻ എപ്പോഴും പറഞ്ഞിരുന്ന കാര്യം തന്നെയാണ്.'

ഞാൻ ചുരുക്കി പ്രതിപാദിക്കാം: ഹദ്റത്ത് മസീഹ് മൗഊദ്(അ) 1908 മെയ് 25 ന്, അതായത് തിങ്കളാഴ്ച വൈകുന്നേരം തികച്ചും ആരോഗ്യവാനായിരുന്നു. രാത്രി ഇശാഅ് നമസ്കാരത്തിന് ശേഷം ഞാൻ പുറത്തുനിന്നും മുറിയിലേക്ക് വന്നപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉമ്മയോടൊപ്പം കട്ടിലിൽ ഇരുന്ന് ഭക്ഷണം കഴിക്കുന്നത് ഞാൻ കണ്ടു. ഞാൻ എന്റെ കിടക്കയിൽ പോയി കിടക്കുകയും ഉറങ്ങിപ്പോകുകയും ചെയ്തു. രാത്രിയുടെ അവസാന യാമത്തിൽ, പ്രഭാതത്തോട് അടുപ്പിച്ച് എന്നെ വിളിച്ചുണർത്തി, അതല്ല, ആളുകളുടെ സംസാരവും നടപ്പും കാരണം ഞാൻ സ്വയം ഉണരുകയോ ചെയ്തു. അപ്പോൾ ഞാൻ കണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വയറിളക്കം കാരണം കഠിനമായി രോഗബാധിതനാണെന്നും നില വളരെ ഗുരുതരമാണെന്നുമാണ്. അവിടെ വൈദ്യന്മാരും മറ്റുള്ളവരും ഓരോരോ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഞാൻ ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖത്തേക്ക് നോക്കിയപ്പോൾ എന്റെ ഹൃദയം തകർന്നുപോയി. കാരണം, ഇതുപോലൊരു അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഞാൻ മുൻപൊരിക്കലും കണ്ടിരുന്നില്ല. ഇത് മരണരോഗമാണെന്ന തോന്നലാണ് എന്റെ മനസ്സിലുണ്ടായത്. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ ക്ഷീണിതനായിരുന്നു. അപ്പോഴേക്കും ഡോക്ടർ നാഡി പരിശോധിച്ചെങ്കിലും സ്പന്ദനം ഉണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) മരണപ്പെട്ടുവെന്ന് എല്ലാവരും കരുതുകയും പെട്ടെന്ന് അവിടെയൊരു നിശബ്ദത പരക്കുകയും ചെയ്തു. എന്നാൽ കുറച്ചു സമയത്തിനുശേഷം നാഡിയിൽ വീണ്ടും സ്പന്ദനം അനുഭവപ്പെട്ടു, എങ്കിലും നില ഗുരുതരമായിത്തന്നെ തുടർന്നു. അപ്പോഴേക്കും പ്രഭാതമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കട്ടിൽ മുറ്റത്തുനിന്നും മുറിക്കകത്തേക്ക് കൊണ്ടുവന്നു. വെളിച്ചം നന്നായി പരന്നപ്പോൾ, 'നമസ്കാരത്തിന്റെ സമയമായോ?' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു. ശൈഖ് അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി ആണെന്നു തോന്നുന്നു, 'അതെ ഹുസൂർ, സമയമായി' എന്ന് മറുപടി പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കിടക്കയിൽ തന്നെ കൈയടിച്ച് തയമ്മും ചെയ്യുകയും, കിടന്നുകൊണ്ട് തന്നെ നമസ്കാരം ആരംഭിക്കുകയും ചെയ്തു. എന്നാൽ ആ അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബോധക്ഷയം അനുഭവപ്പെടുകയും നമസ്കാരം പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്തു. കുറച്ചു സമയത്തിനുശേഷം, പ്രഭാത നമസ്കാരത്തിനുള്ള സമയമായോ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും ചോദിച്ചു. 'ഹുസൂർ, സമയമായി' എന്ന് മറുപടി കൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും നിയ്യത്ത് വെച്ചെങ്കിലും നമസ്കാരം പൂർത്തിയാക്കാൻ കഴിഞ്ഞോ എന്ന് എനിക്ക് ഓർമ്മയില്ല. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ കഠിനമായ വേദനയും അസ്വസ്ഥതയും നിറഞ്ഞതായിരുന്നു. ഒരുപക്ഷേ എട്ട് അല്ലെങ്കിൽ എട്ടര മണിക്ക്, ഹുസൂറിന് പ്രത്യേകിച്ച് എന്താണ് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതെന്ന് ഡോക്ടർ ചോദിച്ചു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മറുപടി നൽകാൻ കഴിഞ്ഞില്ല. അതിനാൽ പേപ്പറും പേനയും മഷിക്കുപ്പിയും കൊണ്ടുവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇടതു കൈ കുത്തി കിടക്കയിൽ നിന്ന് അല്പം എഴുന്നേറ്റ് എന്തോ എഴുതാൻ ശ്രമിച്ചു. എന്നാൽ വളരെ ബുദ്ധിമുട്ടി രണ്ടോ നാലോ വാക്കുകൾ മാത്രമേ എഴുതാൻ കഴിഞ്ഞുള്ളൂ. പിന്നീട് ക്ഷീണം കാരണം പേന പേപ്പറിലൂടെ തെന്നിനീങ്ങുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും കിടക്കുകയും ചെയ്തു. നാവിലെ ബുദ്ധിമുട്ടിനെക്കുറിച്ച് പറയുന്ന ഈ അവസാനത്തെ കുറിപ്പിന്റെ ചില ഭാഗങ്ങൾ വായിക്കാൻ കഴിഞ്ഞിരുന്നില്ല, അത് ഉമ്മയ്ക്ക് നൽകി. ഒൻപത് മണിക്ക് ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നില കൂടുതൽ വഷളായി, കുറച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തൊണ്ടയിൽ നിന്നും ശബ്ദം പുറപ്പെടാൻ തുടങ്ങി (മരണവക്ത്ര സമയത്തെ ശ്വാസോച്ഛ്വാസം). ഈ സമയത്ത് പ്രത്യേകിച്ചൊരു ശബ്ദവും ഉണ്ടായിരുന്നില്ല, മറിച്ച് വളരെ ബുദ്ധിമുട്ടി ദീർഘമായി ശ്വാസമെടുക്കുന്ന അവസ്ഥയായിരുന്നു. ഞാൻ അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തലയ്ക്കൽ നിൽപ്പുണ്ടായിരുന്നു. ഈ അവസ്ഥ കണ്ട് തൊട്ടടുത്ത മുറിയിലുണ്ടായിരുന്ന ഉമ്മയെ വിവരമറിയിച്ചു. ഉമ്മ, വീട്ടിലെ മറ്റു ചില സ്ത്രീകളോടൊപ്പം കട്ടിലിനരികിൽ വന്ന് തറയിലിരുന്നു. ആ സമയത്ത് ഡോക്ടർ മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ് ലാഹോറി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നെഞ്ചിനു സമീപം മരുന്ന് കുത്തിവെച്ചു. അതിനാൽ ആ ഭാഗം അല്പം ഉയർന്നുവെങ്കിലും കാര്യമായ മാറ്റമൊന്നും അനുഭവപ്പെട്ടില്ല. മാത്രമല്ല, ഇത്തരം അവസ്ഥയിൽ എന്തിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ ബുദ്ധിമുട്ട് നൽകിയതെന്ന് ചിലർക്ക് അതൃപ്തി തോന്നുകയും ചെയ്തു. അല്പനേരം കൂടി അസ്വസ്ഥത തുടരുകയും ശ്വാസങ്ങൾക്കിടയിലുള്ള സമയം വർദ്ധിച്ചുവരികയും ചെയ്തു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദീർഘമായി ഒരു ശ്വാസമെടുക്കുകയും ആത്മാവ് ഉന്നതനായ സുഹൃത്തിങ്കലേക്ക് (അല്ലാഹുവിലേക്ക്) പറന്നുയരുകയും ചെയ്തു. ***അല്ലാഹുമ സല്ലി അലൈഹി വ അലാ മുതാ ഇഹീ മുഹമ്മദിൻ വ ബാരിക് വ സല്ലിം.***

തുടക്കത്തിൽ സൂചിപ്പിച്ച ഉമ്മയുടെ വിവരണം സാക്ഷ്യപ്പെടുത്താൻ ഞാൻ വീണ്ടും ഉമ്മയോട് ചോദിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗത്തെക്കുറിച്ച് പരാമർശിക്കുകയും ചെയ്തപ്പോൾ ഉമ്മ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഭക്ഷണം കഴിക്കുന്ന സമയത്താണ് ആദ്യത്തെ വയറിളക്കം ഉണ്ടായത്. എന്നാൽ കുറച്ചു സമയത്തേക്ക് ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാൽ തടവിക്കൊടുത്തു, ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വസ്ഥമായി കിടന്നുറങ്ങി. ഞാനും ഉറങ്ങിപ്പോയി. എന്നാൽ കുറച്ചുകഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വീണ്ടും ആവശ്യം അനുഭവപ്പെടുകയും ഒന്ന് രണ്ട് തവണ ശൗചാലയത്തിൽ പോകുകയും ചെയ്തു. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൂടുതൽ ക്ഷീണം അനുഭവപ്പെട്ടപ്പോൾ എന്നെ വിളിച്ചുണർത്തി. ഞാൻ എഴുന്നേറ്റപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏറെ ക്ഷീണിതനായിരുന്നു, അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ കട്ടിലിൽ തന്നെ കിടന്നു, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാൽ തടവാൻ ഇരുന്നു. കുറച്ചു സമയത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'നീ ഇനി പോയി ഉറങ്ങിക്കൊള്ളൂ.' ഞാൻ പറഞ്ഞു, 'ഇല്ല, ഞാൻ തടവിത്തരാം. അപ്പോഴേക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു തവണ കൂടി

ശേഷം പേജ് 9 ൽ

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

[redacted]